12
2024
ഏപ്രിൽ
വെള്ളി
മീനം 30

NAUTICAL TIMES
KERALA

The National Daily in Malayalam / English

നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram | web: www. nauticaltimesmedia.com | Volume-5, Issue No.172 Page 4, | Price: Rs. 2 | പുസ്തകം-5 ലക്കം-172 | പേജ് 4. വില 2.00 രൂപ




02 ലോക്സഭാ തെരഞ്ഞെടുപ്പ്: സമൂഹ മാധ്യമ പട്രോളിങ് ശക്തമാക്കി പൊലീസ്
03 ചെറിയ തുകയ്ക്കുള്ള മുദ്രപത്രങ്ങൾ കിട്ടാതെ ജനം വലയുന്നു
04 പ്രചാരണ വിഷയമായി കോഴ ആരോപണം

# അധികാരത്തിൽവന്നാൽ ദാരിദ്ര്യം ഇല്ലാതാക്കും: രാഹുൽ



ജയ്പുർ: കേന്ദ്രത്തിൽ കോൺ?ഗ്രസ് അധികാരത്തിലെത്തിയാൽ ഒറ്റയടിക്ക് രാജ്യത്തെ ദാരിദ്ര്യം നിർമാർജനം ചെയ്യുമെന്ന് രാഹുൽ ?ഗാന്ധി. ദാരിദ്ര്യം അനുഭവിക്കുന്ന കുടുംബത്തിലെ സ്ത്രീക്ക് അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് വർഷം ഒരു ലക്ഷം രൂപ നൽകുമെന്നും അദ്ദേഹം വ്യക്തമാക്കി.

'ന്യായ് പത്ര്' എന്ന കോൺ?ഗ്രസിന്റെ പ്രകടനപത്രികയിൽ ഉൾപ്പെടുത്തിയ മഹാലക്ഷ്മി സംരഭത്തെ സംബന്ധിച്ച് രാജസ്ഥാനിലെ റാലിയിൽ സംസാരിക്കു?കയായിരുന്നു രാഹുൽ. നിങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെ ആണെങ്കിൽ വർഷം ഒരു ലക്ഷം രൂപ (മാസം 8500) നൽകി ഒറ്റയടിക്ക് ഇന്ത്യയിലെ ദാരിദ്ര്യം ഇല്ലാതാക്കുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. കോൺ?ഗ്രസ് പ്രകടനപത്രികയിലും ഇക്കാര്യം വ്യക്തമാക്കിയിരുന്നു.

കർഷകർ ആവശ്യപ്പെടുന്ന മിനിമം താങ്ങുവില, പണപ്പെരുപ്പം, തൊഴിലില്ലായ്മ എന്നിവ ഉയർത്തികാട്ടി സംസാരിച്ച രാഹുൽഗാന്ധി, ബിജെപിയെ കടന്നാക്രമിച്ചു. കർഷകർ മിനിമം താങ്ങുവിലയും യുവാക്കൾ തൊഴിലും ആവശ്യപ്പെടുന്നു. സ്ത്രീകൾക്ക് വേണ്ടത് വിലക്കയറ്റത്തിൽനിന്നുള്ള മോചനമാണ്.

എന്നാൽ, കർഷകരെ ഭീകരർ എന്നുവിളിച്ച മോദി മിനിമം താങ്ങുവില നൽകാൻ തയ്യാറായില്ല. രാജ്യത്തിന്റെ ചരിത്രത്തിൽ ആദ്യമായാണ് കർഷകർക്ക് നികുതി നൽകേണ്ടിവന്നത്.

കർഷകരുടെയും പിന്നാക്കവിഭാഗങ്ങളുടെയും ദരിദ്രരുടെയും വിഷയം ചർച്ചചെയ്യാൻ താൽപര്യമില്ലാത്ത ബിജെപി, ജനശ്രദ്ധ തിരിക്കുകയാണെന്നും മോദി സർക്കാരിന്റെ കഴിഞ്ഞ അഞ്ച് വർഷക്കാലം അഴിമതി വലിയതോതിൽ വർധിച്ചെന്നും അദ്ദേഹം കുറ്റപ്പെടുത്തി.




# മലയോരത്തെ ഇളക്കിമറിച്ച് ആന്റോ ആൻറണി

ചിറ്റാർ: യുഡിഎഫ് സ്ഥാനാർഥി ആൻറോ ആൻറണിയുടെ മലയോര മേഖലയിലെ പര്യടനം ആവേശമായി. കഴിഞ്ഞ 15 വർഷത്തിനിടെ മലയോര മണ്ണിനുവേണ്ടി നടത്തിയ പോരാട്ടങ്ങളുടെ വിവരണങ്ങളുമായാണ് സ്ഥാനാർഥി പര്യടനത്തിനെത്തിയത്.

റബർ കർഷകർക്കുവേണ്ടി നിലപാടെടുത്തതും ന്യായവില ഉറപ്പാക്കാൻ നടത്തിയ പോരാട്ടങ്ങളും കോവിഡ് കാലത്തെ കരുതലുമെല്ലാം എംപി അക്കമിട്ടു നിരത്തി. ഗവിയിലേക്ക് നെറ്റ്വർക്ക് കവറേജ് എത്തിക്കാനായതും ആൻറോ ചൂണ്ടിക്കാട്ടി.

കോന്നി മണ്ഡലത്തിലെ തണ്ണിത്തോട് ബ്ലോക്കിലെ സ്വീകരണ പരിപാടി ഇന്നലെ രാവിലെ ആങ്ങമൂഴിയിൽനിന്നാണ് ആരംഭിച്ചത്. കെപിസിസി ജനറൽ സെക്രട്ടറി പഴകുളം മധു ഉദ്ഘാടനം ചെയ്തു.

എട്ടുമാസമായി മുടങ്ങിക്കിടക്കുന്ന സാമൂഹിക പെൻഷൻ വിതരണം ഇപ്പോഴും വാഗ്ദാനം മാത്രമാണെന്നു മധു കുറ്റപ്പെടുത്തി. കേരളത്തിലെ റബർ കർഷകർക്ക് 250 രൂപ താങ്ങുവില നൽകുമെന്നു പറഞ്ഞ അധികാരത്തിൽ വന്ന സർക്കാരിൻറെ ധനമന്ത്രി ആയിരുന്നു ഇപ്പോൾ ഇവിടെ മത്സരിക്കുന്ന എൽഡിഎഫിൻറെ സ്ഥാനാർഥിയെന്നും റബർ കർഷകരെ കേരള, കേന്ദ്രസർക്കാരുകൾ വഞ്ചിച്ചുകൊണ്ടിരിക്കുകയാണെന്നും പഴകുളം മധു പറഞ്ഞു.

യുഡിഎഫ് കോന്നി നിയോജക മണ്ഡലം ചെയർമാൻ എസ്. സന്തോഷ്കുമാർ, നിയോജക മണ്ഡലം കൺവീനർ ഉമ്മൻ മാത്യു വടക്കേടത്ത്, കെപിസിസി സെക്രട്ടറി എൻ. ഷൈലാജ്, ജില്ലാ യുഡിഎഫ് കൺവീനർ എ. ഷംഷുദീൻ, മഹിളാ കോൺഗ്രസ് ജില്ലാ പ്രസിഡൻറ് രജനി പ്രദീപ്, തണ്ണിത്തോട് ബ്ലോക്ക് പ്രസിഡൻറ് ആർ. ദേവകുമാർ, കോന്നി ബ്ലോക്ക് പ്രസിഡൻറ് ദീനാമ്മ റോയി, റോബിൻ പീറ്റർ, എലിസബത്ത് അബു, ആർഎസ്പി നേതാവ് രവി പിള്ള എന്നിവർ സ്ഥാനാർഥിക്കൊപ്പമുണ്ടായിരുന്നു.

തണ്ണിത്തോട് ബ്ലോക്ക് പര്യടനം ചിറ്റാർ ജംഗ്ഷനിൽ എത്തിയപ്പോഴേക്കും ഉച്ചസമയമായിട്ടും ഏറെപ്പേർ കാത്തിരുന്ന് സ്വീകരിച്ചു.

ചുട്ടുപൊള്ളുന്ന വെയിലത്തും ആൻറോ ആൻറണിയെ പ്രകടനവുമായി പ്രവർത്തകർ സ്വീകരിച്ചു.

## സംവിധായകൻ ഉണ്ണി ആറന്മുള അന്തരിച്ചു

ചെങ്ങന്നൂർ: സംവിധായകനും നിർമാതാവും ഗാനരചയിതാവുമായിരുന്ന ഉണ്ണി ആറന്മുള(കെ. ആർ. ഉണ്ണികൃഷ്ണൻ നായർ) അന്തരിച്ചു. ചെങ്ങന്നൂരിലെ ലോഡ്ജിൽ വച്ചു ബുധനാഴ്ച വൈകുന്നേരം ശാരീരിക അസ്വസ്ഥത ഉണ്ടായതിനെ തുടർന്ന് ആശുപത്രിയിൽ എത്തിച്ചെങ്കിലും മരണം സംഭവിക്കുകയായിരുന്നു.

എതിർപ്പുകൾ(1984), സ്വർഗം(1987) എന്നീ ചിത്രങ്ങളിലൂടെ ശ്രദ്ധേയനായ വ്യക്തിയാണ് ഉണ്ണി.

## പ്രതിപക്ഷ നേതാക്കളെ വേട്ടയാടുന്ന കേന്ദ്ര നിലപാട് അവസാനിപ്പിക്കണം: ആർജെഡി

വിഴിഞ്ഞം: ഇഡിയെയും സിബിഐയെയും ഇൻകം ടാക്സിനെയും ഉപയോഗിച്ച് പ്രതിപക്ഷ നേതാക്കളെ വേട്ടയാടുകയും, ഇലക്ഷൻ പ്രവർത്തനം നടത്താൻ അനുവദിയ്ക്കാതിരിയക്കുകയും ചെയ്യുന്ന കേന്ദ്ര ഗവർമെൻറിൻറെ ജനാധിപത്യവിരുദ്ധ ഫാസിസ്റ്റ് നടപടി അടിയന്തിരമായി അവസാനിപ്പിക്കണമെന്ന് രാഷ്ട്രീയ ജനതാദൾ കോവളം നിയോജക മണ്ഡലം നേതൃ യോഗം ആവശ്യപ്പെട്ടു.

തെന്നൂർക്കോണം ബാബു അധ!്യക്ഷം വഹിച്ച പ്രവർത്തകയോഗം ആർഎൽഡി സംസ്ഥാന വൈസ് പ്രസിഡൻറ് എൻ.എം.നായർ ഉദ്ഘാടനം ചെയ്തു .ഡോ.എ.നീലലോഹിതദാസ്, ജില്ലാ പ്രസിഡൻറ് മലയിൻകീഴ് ചന്ദ്രൻ നായർ, സംസ്ഥാന സെക്രട്ടറി കോവളം ടി.എൻ.സുരേഷ് , വിഴിഞ്ഞം ജയകുമാർ, കെ .ആർ വിജയകുമാർ, അഡ്വ. ജി.മുരളീധരൻ നായർ, പരശുവയക്കൽ രാജേന്ദ്രൻ, റൂഫസ് ഡാനിയേൽ, കരിച്ചൽ ഗോപാലകൃഷ്ണൻ തുടങ്ങിയവർ പ്രസംഗിച്ചു.

### എം കെ അര്കജുനൻ മാസ്റ്ററുടെ ഓർമ്മ ദിനം ഏപ്രിൽ മാസത്തിലെ ആറാം നാളിലാണ്

# മരിക്കാത്ത സംഗീതം

**മോഹൻശ്രീശൈലം**



മലയാള സിനിമാ സംഗീത ലോകത്തിന് അനശ്വരങ്ങളായ നിരവധി ഗാനങ്ങൾസമ്മാനിച്ച സംഗീത സംവിധായകനാണ് എം.കെ.അർജ്ജുനൻ. കൊച്ചുകുഞ്ഞിന്റെയും പാർവതിയുടെയും മകനായി 1936ൽ ജനനം. വീട്ടിലെ ദാരിദ്യം മൂലം അദ്ദേഹത്തെയും സഹോദരൻ പ്രഭാകരനെയും അമ്മ പളനിയിലെ ജീവകാരുണ്യാനന്ദാശ്രമത്തിലേക്കയച്ചു. ആശ്രമത്തിലെ മറ്റു കുട്ടികൾക്കൊപ്പം ഭജൻപാടാൻകൂടിയ അർജ്ജുനന്റെ സംഗീതവാസന തിരിച്ചറിഞ്ഞ ആശ്രമ തലവൽ അർജ്ജുനന് കുമരയ്യാ പിള്ളയുടെ കീഴിൽ സംഗീതം പഠിക്കാൻ അവസരമൊരുക്കി കൊടുത്തു.

1958ലാണ് അർജുനൻ ആദ്യമായി ഒരു നാടക ഗാനത്തിന് ഈണമിടുന്നത്. കൊച്ചിയിലെ അമേച്വർ നാടകസമിതി അവതരിപ്പിച്ച 'പള്ളിക്കുറ്റം' എന്ന നാടകത്തിലായിരുന്നു തുടക്കം. പിന്നീട് കൊച്ചി കേന്ദ്രീകരിച്ച് പ്രവർത്തിച്ചിരുന്ന ഒട്ടുമിക്ക അമേച്വർ ട്രൂപ്പുകൾക്കും അദ്ദേഹം തന്നെ സംഗീതമൊരുക്കി. സിനിമയിലെത്തിയിട്ടും ആ രീതിക്ക് ഏറെക്കാലം മാറ്റമുണ്ടായില്ല. കാളിദാസ കലാകേന്ദ്രത്തിനുവേണ്ടി ഒരു ഹാർമോണിസ്റ്റിനെ തേടുകയായിരുന്ന ദേവരാജൻ മാസ്റ്ററിനു നടൻ മണവാളൻ ജോസഫാണ് അർജ്ജുനൻ മാസ്റ്ററെ പരിചയപ്പെടുത്തിക്കൊടുത്തത്. ഡോക്ടർ എന്ന വിഖ്യാതനാടകത്തിനാണ് ദേവരാജൻമാഷിനൊപ്പം ആദ്യമായി ഹാർമോണിയം വായിച്ചത്. പിന്നീട് പത്തുവർഷം കാളിദാസയ്ക്കൊപ്പമുണ്ടായിരുന്നു. ദേവരാജൻ മാഷാണ് അദ്ദേഹത്തെ കെ.പി.എ.സി.യിൽ എത്തിച്ചത്. ഇരുപതോളം നാടകങ്ങളിൽ കെ.പി.എ.സി.ക്കുവേണ്ടി പ്രവർത്തിച്ചു. ആദ്യം ഹാർമോണിസ്റ്റായി തുടങ്ങി, പിന്നീട് കെ.പി.എ.സി.യുടെ ഒട്ടേറെ നാടകങ്ങളിലെ പാട്ടുകൾക്ക് അദ്ദേഹം ഈണമിട്ടു. വൈക്കം മാളവിക, ആലപ്പി തിയ്യറ്റേഴ്സ്, തിരുവനന്തപുരം സൗപർണിക, സൂര്യസോമ, കെക്കാസ് സ്കൂൾ ഓഫ് ഡ്രാമ, ചങ്ങനാശ്ശേരി ഗീഥാ, മാനിഷാദ, സാംസ്കാരിക തുടങ്ങി കേരളത്തിലെ പ്രമുഖ നാടകസമിതികളുടെ നാടകങ്ങളിലെ പാട്ടുകൾക്കെല്ലാം അർജുനൻ മാസ്റ്റർ സംഗീതം പകർന്നു. വയലാർ, ഒ.എൻ.വി, യൂസഫലി കേച്ചേരി, ഏഴാച്ചേരി രാമചന്ദ്രൻ, എ.പി.ഗോപാലൻ, ഷാഹുൽ ഹമീദ്, ഏറ്റുമാനൂർ സോമദാസൻ, നെൽസൺ ഫെർണാണ്ടസ്, പി.ജെ.ആന്റണി, സി.പി.ആന്റണി തുടങ്ങി മലയാള നാടകലോകത്തിനുവേണ്ടി പാട്ടെഴുതിയ ഒട്ടുമിക്കവരുടെയും വരികൾക്ക് അർജുനൻ മാസ്റ്റർ ഈണമിട്ടിട്ടുണ്ട്. ആയിരത്തി അഞ്ഞൂറിലധികം നാടക ഗാനങ്ങൾക്ക് അദ്ദേഹം ഈണം പകർന്നു. സംഗീതനാടക അക്കാദമിയുടെ 16 അവാർഡുകളാണു അദ്ദേഹത്തെ തേടി എത്തിയത്, ഒരു ഫെലോഷിപ്പും.

കറുത്ത പൌർണ്ണമി ആണ് സംഗീതം പകർന്ന ആദ്യ സിനിമ. അതിലെ മാനത്തിൻമുറ്റത്ത്, ഹൃദയമുരുകി നീ എന്നീ ഗാനങ്ങൾശ്രദ്ധേയങ്ങളായി. ആ കാലത്തെ ഒട്ടുമിക്ക ഗാനരചയിതാക്കളുടേയും വരികൾക്ക് സംഗീതം നല്കി. അതിൽ ശ്രീകുമാരൻതമ്പി അർജ്ജുനൻ ടീമിന്റെ ഗാനങ്ങൾ വളരെയേറെ ജനപ്രീതി നേടി. യമുനേ പ്രേമയമുനേ, പാടാത്ത വീണയും പാടും, കസ്തൂരി മണക്കുന്നല്ലോ, ചമ്പക തൈകൾ പൂത്ത, നിൻ മണിയറയിലെ തുടങ്ങിയവ അദ്ദേഹത്തിന്റെ പ്രശസ്ത ഗാനങ്ങളിൽപ്പെടുന്നു. 218 ചിത്രങ്ങളിലായി അഞ്ഞൂറിലധികം ഗാനങ്ങൾക്ക് സംഗീതം നൽകിയിട്ടുണ്ട് അർജ്ജുനൻ. തൻറെ ആദ്യ സിനിമ മുതൽ ഓർക്കസ്ട്ര അറേഞ്ചർ ആയും കണ്ടക്ടർ ആയും കൂടെ പ്രവർത്തിച്ച ആർ കെ ശേഖരുമായി വലിയൊരു ആത്മബന്ധം ആണ് അദ്ദേഹത്തിന് ഉണ്ടായിരുന്നത്. ശേഖറിൻറെ വിയോഗശേഷം ആ കുടുംബത്തിനു താങ്ങായി നിന്നതും പിൽക്കാലത്ത് ലോക പ്രശസ്തിയിലേക്ക് ഉയർന്ന ഓസ്കാർജേതാവായ മകൻ ദിലീപ് എന്ന എ.ആർ. റഹ്മാനെ സിനിമാ സംഗീത ലോകത്തേക്ക് കൈപിടിച്ചുയർത്തിയതും അർജുനൻ മാസ്റ്റർ ആയിരുന്നു. ഗായിക സുജാതയും അർജുജനൻ മാസ്റ്ററുടെ സംഗീതത്തിൽ പാടിയാണ് സിനിമയിൽ പ്രവേശിച്ചത്. 2017ൽ മികച്ച സംഗീതസംവിധായകനുള്ള സംസ്ഥാന ചലച്ചിത്ര അവാർഡ് ഭയാനകം എന്ന സിനിമയിലെ ഗാനങ്ങൾ ചിട്ടപ്പെടുത്തിയതിന് അർജ്ജുനനൻ മാഷിന് ലഭിക്കുകയുണ്ടായി.

2020 ഏപ്രിൽ 6ന് തന്റെ 84ആം വയസ്സിൽ അന്തരിച്ചു. കൊച്ചി പള്ളുരുത്തിയിലെ പാർവതി മന്ദിരം വസതിയിൽ പുലർച്ചെ 3.30 ഓടെയായിരുന്നു അന്ത്യം.

## കെ. ബാബുവിന് ആശ്വാസം; എം. സ്വരാജിൻെറ ഹർജി ഹൈക്കോടതി തള്ളി

കൊച്ചി: തൃപ്പൂണിത്തുറ എംഎൽഎ കെ. ബാബുവിനെ അയോഗ്യനാക്കണമെന്ന് ആവശ്യപ്പെട്ട് സിപിഎം സ്ഥാനാ!ർഥിയായിരുന്ന എം. സ്വരാജ് നൽകിയ ഹർജി ഹൈക്കോടതി തള്ളി. കെ. ബാബുവിന് എംഎൽഎയായി തുടരാം. തെരഞ്ഞെടുപ്പ് പ്രചാരണത്തിനായി അയ്യപ്പൻറെ ചിത്രം ഉപയോഗിച്ചുവെന്ന് ആരോപിച്ചാണ് സ്വരാജ് കോടതിയെ സമീപിച്ചത്. കെ. ബാബു തോറ്റാൽ അയ്യപ്പൻ തോൽക്കുന്നതു പോലെയാണെന്ന് മണ്ഡലത്തിൽ പ്രചാരണം നടത്തി. അയ്യപ്പൻറെ ചിത്രവും സ്ഥാനാർഥിയുടെ ചിത്രവും വച്ച സ്ലിപ്പ് വിതരണം ചെയ്തുവെന്നും സ്വരാജ് ഹർജിയിൽ പറയുന്നു.

അതേസമയം, വിധിയിൽ വളരെയേറെ സന്തോഷമുണ്ടെന്ന് കെ ബാബു പ്രതികരിച്ചു. ജനകീയ വിധി മാനിക്കാത്ത സിപിഎം, കോടതി വിധിയെങ്കിലും മാനിക്കാൻ തയാറാകണമെന്നും ആവശ്യപ്പെട്ടു.

അയ്യപ്പൻറെ ചിത്രം വച്ച് താൻ സ്ലിപ് അടിച്ചിട്ടില്ല. എല്ലാം കൃത്രിമമായി ഉണ്ടാക്കിയതായിരുന്നു. വിധി യുഡിഎഫ് പ്രവർത്തകർക്ക് തെരഞ്ഞെടുപ്പ് പ്രവർത്തനത്തിൽ ആവേശമാകുമെന്നും കെ ബാബു പ്രതികരിച്ചു.



# കരുവന്നൂർ സമാന തട്ടിപ്പ്: മൈലപ്ര, കോന്നി ആർസി ബാങ്കുകളിലേക്ക് ഇഡി വരും

പത്തനംതിട്ട: സമീപകാലത്ത് കേരളത്തിൽ നടന്ന വിവാദമായ സഹകരണ ബാങ്ക് ക്രമക്കേടുകളുടേതിനു സമാനമായ തട്ടിപ്പുകളെ സംബന്ധിച്ച് എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ് കേന്ദ്ര ധനമന്ത്രാലയത്തിനു കൈമാറിയ റിപ്പോർട്ടിൽ പത്തനംതിട്ട ജില്ലയിൽനിന്നുൾപ്പെട്ടത് രണ്ട് ബാങ്കുകൾ.

മൈലപ്ര സഹകരണ ബാങ്ക്, കോന്നി റീജണൽ സർവീസ് സഹകരണ ബാങ്ക് എന്നിവിടങ്ങളിൽ നടന്നത് കരുവന്നൂർ സഹകരണ ബാങ്കിനു സമാനമായ ക്രമക്കേടുകളാണെന്നാണ് ഇഡിയുടെ പ്രാഥമിക അന്വേഷണ റിപ്പോർട്ട്.

12 സഹകരണ ബാങ്കുകളിലാണ് ഇഡിയുടെ നിരീക്ഷണത്തിൻറെ അടിസ്ഥാനത്തിൽ ക്രമക്കേടുകൾ അതിരൂക്ഷമായിട്ടുള്ളതെന്ന് റിപ്പോർട്ടിൽ പറയുന്നു.

ധനമന്ത്രാലയത്തിനു കീഴിലുള്ള റവന്യു വകുപ്പിനാണ് വിവരങ്ങൾ കൈമാറിയത്. വായ്പ നല്കുന്നതിലെ ക്രമക്കേടാണ് പ്രധാനമായും ഉന്നയിച്ചിരിക്കുന്നത്. സഹകരണ നിയമങ്ങൾ ലംഘിച്ച് വൻതുക അംഗങ്ങളല്ലാത്തവർക്കും വായ്പ നൽകി, അംഗങ്ങളല്ലാത്തവരിൽനിന്നു നിക്ഷേപം സ്വീകരിച്ചു, ഓഡിറ്റിംഗിൽ ക്രമക്കേട് തുടങ്ങിയവ വിശദമാക്കിയാണ് റിപ്പോർട്ട്.

പ്രതിസന്ധിയിലായ മൈലപ്ര സഹകരണ ബാങ്കിൽ നടന്ന ക്രമക്കേടുകളെ സംബന്ധിച്ച പ്രാഥമിക വിവരങ്ങൾ പുറത്തുവന്നതിനു പിന്നാലെ ക്രൈം ബ്രാഞ്ച് അന്വേഷണം പ്രഖ്യാപിച്ചിരുന്നു. ക്രൈം ബ്രാഞ്ച് സംഘം വിശദമായ അന്വേഷണം നടത്തി മുൻ സെക്രട്ടറിയെ അടക്കം അറസ്റ്റ് ചെയ്തിരുന്നു.

എന്നാൽ, നിക്ഷേപകരുടെ തുക മടക്കി നൽകുന്നതു സംബന്ധിച്ച് സഹകരണ വകുപ്പാണ് തീരുമാനങ്ങളെടുക്കേണ്ടത്. ബാങ്കിലെ ഭരണസമിതി പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റീവ് ഭരണം ഏർപ്പെടുത്തിയിരിക്കുകയാണ്.

സഹകരണ നിയമങ്ങൾ കാറ്റിൽപറത്തി മൈലപ്രയിൽ കോടിക്കണക്കിനു രൂപയുടെ അനധികൃത വായ്പയാണ് നൽകിയത്. ബിനാമി ഇടപാടുകളും ഇതിനു പിന്നിലുണ്ടായി. ബാങ്കിൻറെ തകർച്ചയ്ക്കു പ്രധാന കാരണം ഇത്തരത്തിൽ വായ്പ നൽകിയതാണെന്ന് സഹകരണസംഘം അസിസ്റ്റൻറ് രജിസ്ട്രാർ നടത്തിയ അന്വേഷണത്തിൽ കണ്ടെത്തിയിരുന്നു.

ബിനാമി വായ്പക്കാരിൽ ഏറെയും മൈലപ്ര ബാങ്കിൻറെ പ്രവർത്തന പരിധിക്കു പുറത്തുള്ളവരാണ്. പത്തനംതിട്ടയിലെ ബിസിനസുകാർ, ആധാരം എഴുത്തുകാർ, രാഷ്ട്രീയ നേതാക്കൾ എന്നിവരൊക്കെ ഇതിൻറെ ഗുണഭോക്താക്കളാണെന്നാണ് കണ്ടെത്തൽ.

ബാങ്ക് മുൻ സെക്രട്ടറിയുമായോ ചില ഭരണസമിതിയംഗങ്ങളുമായോ നേരിട്ടോ അല്ലാതെയോ ബന്ധമുള്ള ആർക്കും എത്ര തുക വേണമെങ്കിലും വായ്പ നൽകുന്നതായിരുന്നു രീതി. വായ്പയ്ക്കുവേണ്ടി നിശ്ചിത ജാമ്യ വ്യവസ്ഥകൾ പാലിക്കപ്പെട്ടിട്ടുമില്ല.

ഒരാൾക്ക് ചുരുങ്ങിയത് 25 ലക്ഷം വരെ നൽകും. ആരും വായ്പ തിരിച്ചടയ്ക്കില്ല. കാലാവധി എത്തുമ്പോൾ മുതലും പലിശയുമടക്കം ചേർത്ത് ആ തുക പുതുക്കി വയ്ക്കുകയാണ് ചെയ്യുന്നത്.

ബാങ്കിലേക്കു നിക്ഷേപം കുമിഞ്ഞു കൂടിയ അവസരത്തിലാണ് ബിനാമി വായ്പകൾ നൽകിയിരിക്കുന്നത്.

ഇതിനു പുറമേ കോട്ടയം ജില്ലയിലെ മൂന്നു പ്രാഥമിക സഹകരണ സംഘങ്ങളിൽ കോടികളുടെ നിക്ഷേപവും നടത്തി. ഈ സംഘങ്ങളൊക്കെ പിൽക്കാലത്ത് പൂട്ടിപ്പോയി. ഇവിടെനിന്ന് പലിശ സഹിതം മൈലപ്ര ബാങ്കിന് കിട്ടാനുള്ളത് കോടികളാണ്.

ബാങ്കിൻറെ അതിർത്തി ലംഘിച്ച് നിരവധിപേർക്ക് ബിനാമി വായ്പകൾ നൽകി. ചതുപ്പു നിലങ്ങൾക്ക് പോലും ലക്ഷങ്ങളാണ് വായ്പ കൊടുത്തത്. പ്രതിസന്ധി മുറുകിയതോടെ ബാങ്കിൻറെ രണ്ടുശാഖകളും അടച്ചു പൂട്ടി.

# ലോക്സഭാ തെരഞ്ഞെടുപ്പ്: സമൂഹ മാധ്യമ പട്രോളിങ് ശക്തമാക്കി പൊലീസ്

തിരുവനന്തപുരം: ലോക്സഭാ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് സമൂഹ മാധ്യമ പട്രോളിങ് ശക്തമാക്കി പൊലീസ്. വിവിധ സമൂഹ മാധ്യമങ്ങൾ നിരീക്ഷിക്കുന്നതിനായി സംസ്ഥാനതലത്തിലും വിവിധ റേഞ്ചുകളിലും ജില്ലകളിലും സമൂഹ മാധ്യമ നിരീക്ഷണ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്.

ഇലക്ട്രോണിക് വോട്ടിങ് മെഷീൻ തട്ടിപ്പാണെന്ന രീതിയിൽ വ്യാജപ്രചാരണം നടത്തിയതിന് കഴി!ഞ്ഞ ദിവസം പൊലീസ് 12 കേസുകളാണ് രജിസ്റ്റർ ചെയ്തത്. മലപ്പുറം, എറണാകുളം സിറ്റി, തൃശൂർ സിറ്റി എന്നിവിടങ്ങളിൽ രണ്ട് വീതവും തിരുവനന്തപുരം റൂറൽ, കൊല്ലം സിറ്റി, പത്തനംതിട്ട, ആലപ്പുഴ, പാലക്കാട്, ഇടുക്കി ജില്ലകളിൽ ഒന്ന് വീതവും കേസുകളാണ് രജിസ്റ്റർ ചെയ്തത്. പൊതുജനങ്ങളെ തെറ്റിധരിപ്പിക്കാനും സമൂഹത്തിൽ വേർതിരിവും സ്പർധയും സംഘർഷവും വിദ്വേഷവും ഉണ്ടാക്കാനുമുള്ള ഉദ്ദേശത്തോടെ വ്യാജവാർത്ത പ്രചരിപ്പിച്ചതിനാണ് കേസ്.

തെരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ ലംഘിക്കുന്ന തരത്തിലുള്ള സമൂഹ മാധ്യമ ഇടപെടലുകളെക്കുറിച്ച് പൊലീസ് സമൂഹ മാധ്യമ നിരീക്ഷണസംഘങ്ങൾക്ക് വാട്സ്ആപ്പ് നമ്പറിലൂടെ വിവരം നൽകാം. സൈബർ ഹെഡ് ക്വാർട്ടേഴ്സ് 9497942700

തിരുവനന്തപുരം സിറ്റി 9497942701, തിരുവനന്തപുരം റൂറൽ 9497942715, കൊല്ലം സിറ്റി 9497942702,

കൊല്ലം റൂറൽ 9497942716,പത്തനംതിട്ട 9497942703, ആലപ്പുഴ 9497942704, കോട്ടയം 9497942705

ഇടുക്കി 9497942706,എറണാകുളം സിറ്റി 9497942707,എറണാകുളം റൂറൽ 9497942717,തൃശൂർ സിറ്റി 9497942708

തൃശൂർ റൂറൽ 9497942718,പാലക്കാട് 9497942709, മലപ്പുറം 9497942710, കോഴിക്കോട് സിറ്റി 9497942711,

കോഴിക്കോട് റൂറൽ 9497942719, വയനാട് 9497942712,കണ്ണൂർ സിറ്റി 9497942713,കണ്ണൂർ റൂറൽ 9497942720

കാസർകോട് 9497942714, തിരുവനന്തപുരം റെയ്ഞ്ച് 9497942721, എറണാകുളം റെയ്ഞ്ച് 9497942722,

തൃശൂർ റെയ്ഞ്ച് 9497942723, കണ്ണൂർ റെയ്ഞ്ച് 9497942724.

# പൗരത്വ ഭേദഗതി നിയമം മതേതരത്വത്തിന് കടകവിരുദ്ധം: പാളയം ഇമാം

തിരുവനന്തപുരം: പൗരത്വ ഭേദഗതി നിയമം മതേതരത്വത്തിന് കടകവിരുദ്ധവും ഇന്ത്യയുടെ ആത്മാവിന് നിരക്കാത്തതുമാണെന്ന് പാളയം ഇമാം ഷുഹൈബ് മൗലവി. പാളയം ചന്ദ്രശേഖർ നായർ സ്റ്റേഡിയത്തിൽ നടന്ന ചെറിയപെരുന്നാൾ ഈദ് ഗാഹിൽ പെരുന്നാൾ സന്ദേശത്തിലാണ് അദേഹം ഇക്കാര്യം പറഞ്ഞത്. നമ്മൾ ഉയർത്തിപ്പിടിക്കുന്ന തുല്യതയ്ക്കും മതേതരത്വത്തിനും എല്ലാമെതിരാണിത്. എല്ലാ അടിസ്ഥാന മൂല്യങ്ങളെയും കാറ്റിൽപ്പറത്തിക്കൊണ്ടാണ് ഇത്തരം നിയമങ്ങൾ നടപ്പാക്കുന്നത്. രാജ്യത്ത് മുസ്ലിം വിരുദ്ധ അജണ്ടകൾ നടക്കുന്നു. ഒരു സമുദായത്തെ മാത്രം മാറ്റിനിർത്തി സിഎഎ കൊണ്ടുവരുന്നു. ഏകശിലാത്മകമായ സമൂഹം കെട്ടിപ്പടുക്കാനുള്ള ശ്രമമാണ് നടക്കുന്നത്. ബഹുസ്വരതയെ തകർക്കാനുള്ള ശ്രമങ്ങൾക്കെതിരെ മത ജാതി വ്യത്യാസങ്ങളില്ലാതെ ഒറ്റക്കെട്ടായിരിക്കാൻ സാധിക്കണം. രാജ്യത്ത് ബഹുസ്വരത ഉയർത്തിപ്പിടിക്കുന്ന മതേതര സർക്കാർ വരണമെന്നും അതിന് സമ്മതിദാനാവകാശം ഉപയോഗിക്കണമെന്നും അദേഹം പറഞ്ഞു.

കേരള സ്റ്റോറി പൂർണമായും വസ്തുതാവിരുദ്ധമാണ്. ഇത്തരം കുപ്രചാരണങ്ങളിൽ വഞ്ചിതരാകരുത്. കള്ളം പ്രചരിപ്പിക്കുന്നവരുടെ കൈയിലെ ഉപകരണമായി മാറരുതെന്നും അദേഹം പറഞ്ഞു. റിയാസ് മൗലവി കേസിൽ സർക്കാർ അപ്പീൽ പോയത് ആശാവഹമാണ്. പലസ്തീൻ ജനത ദുരിതത്തിലാണ്. ഇസ്രയേലിൽ നിന്ന് മനുഷ്യത്വം പ്രതീക്ഷിക്കാൻ കഴിയില്ല. ഇസ്രയേലിന് ഒപ്പം നിൽക്കുന്നത് മനുഷ്യത്വം ഇല്ലാത്തവരാണ്. പലസ്തീന്റെ കൂടെ നിൽക്കുക എന്നാൽ മനുഷ്യത്വത്തിന്റെ കൂടെ നിൽക്കലാണ്. ഇസ്രയേലിന്റെ കൂടെ നിൽക്കുകയെന്നാൽ പൈശാചികതയുടെ കൂടെ നിൽക്കലാണെന്നും അദ്ദേഹം പറഞ്ഞു.

# കാന്പിശേരിയെന്ന വ്യക്തി ഇല്ലായിരുന്നെങ്കിൽ താൻ എഴുത്തുകാരനാകില്ലായിരുന്നു: പെരുന്പടവം

തിരുവനന്തപുരം: കാന്പിശേരി കരുണാകരൻ എന്ന വ്യക്തി ഇല്ലായിരുന്നെങ്കിൽ താൻ ഒരിക്കലും എഴുത്തുകാരനാകില്ലായിരുന്നെന്നു പെരുന്പടവം ശ്രീധരൻ. തിരുവനന്തപുരം ഭാരത് ഭവൻ സംഘടിപ്പിച്ച കാന്പിശേരി, തകഴി അനുസ്മരണ യോഗത്തിൽ മുഖ്യപ്രഭാഷണം നടത്തി പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

തൻറെ ഉള്ളിലെ എഴുത്തുകാരനെ ആദ്യം തിരിച്ചറിഞ്ഞത് കാന്പിശേരി കരുണാകരനായിരുന്നു. തൻറെ എഴുത്തിനു വെളിച്ചം പകർന്ന മാർഗദർശിയായിരുന്നു അദ്ദേഹം. നാം നന്മമരം എന്നൊക്കെ പറയുംപോലെ അദ്ദേഹം ഒരു നന്മമരമായിരുന്നു. എല്ലാവരോടും സ്നേഹത്തോടെയും വാത്സല്യത്തോടെയുമായിരുന്നു അദ്ദേഹം പെരുമാറിയിരുന്നത്. താൻ എഴുതിയ കഥകൾ പ്രസിദ്ധീകരിക്കുന്നതിൽ അദ്ദേഹം മുഖ്യ പങ്കു വഹിച്ചിരുന്നു.

താൻ ഇന്നിവിടെ ഇരിക്കാൻ കാരണം അദ്ദേഹമാണ്. അദ്ദേഹത്തിൻറെ സ്നേഹത്തിൻറെയും വാത്സല്യത്തിൻറെയും ബാക്കിപത്രമാണ് താനെന്നും പെരുന്പടവം ശ്രീധരൻ കൂട്ടിചേർത്തു. ഭരത് ഭവൻ സെക്രട്ടറി ഡോ. പ്രമോദ് പയ്യന്നൂർ അധ്യക്ഷത വഹിച്ചു. ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല മുൻ വൈസ് ചാൻസലർ ഡോ. കെ.എസ്. രവികുമാർ തകഴി അനുസ്മരണ പ്രഭാഷണം നടത്തി.

മാധ്യമ പ്രവർത്തകൻ സി. അനൂപ്, സാംസ്കാരിക പ്രവർത്തകൻ മഹേഷ് മാണിക്കം, എഴുത്തുകാരി വി.എസ്. ബിന്ദു, വിനോദ് വൈശാഖി, മുക്കംപാലമൂട് രാധാകൃഷ്ണൻ, ഗോപൻ ശാസ്തമംഗലം തുടങ്ങിയവർ പ്രസംഗിച്ചു.

# സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകൾക്ക് ചരിത്ര നേട്ടം

## 7 വിദ്യാർത്ഥികൾക്ക് രാജ്യത്ത് ഒന്നാം സ്ഥാനത്തോടെ സ്വർണ മെഡലുകൾ
## ഇത്രയേറെ സ്വർണ മെഡലുകൾ നേടുന്നത് ഇതാദ്യം

സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലെ 7 വിദ്യാർത്ഥികൾക്ക് അഖിലേന്ത്യാ മെഡിക്കൽ സയൻസ് പരീക്ഷയിൽ സ്വർണ മെഡൽ. നാഷണൽ ബോർഡ് ഓഫ് എക്സാമിനേഷൻ നടത്തിയ ഡി.എൻ.ബി. (ഡിപ്ലോമേറ്റ് ഓഫ് നാഷണൽ ബോർഡ്) 2023ലെ പരീക്ഷയിലാണ് വിവിധ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളിൽ ഒന്നാം സ്ഥാനം നേടിയത്. ദേശീയ തലത്തിൽ പ്രമുഖ സ്ഥാപനങ്ങളുൾപ്പെടെ എല്ലാ സർക്കാർ, സ്വകാര്യ മെഡിക്കൽ കോളേജുകളിൽ നിന്നും വിവിധ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളിൽ ബിരുദം നേടിയവരാണ് ഈ പരീക്ഷയിൽ പങ്കെടുത്തത്. അതിലാണ് കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകൾ രാജ്യത്തെ മികച്ച നേട്ടം കൈവരിച്ചത്. കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകൾ അധ്യാപനത്തിലും മികവിന്റെ കേന്ദ്രങ്ങളാണെന്നതിന്റെ സാക്ഷ്യം കൂടിയാണിത്. സ്വർണ മെഡൽ നേടിയ എല്ലാ വിദ്യാർത്ഥികളേയും ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അഭിനന്ദിച്ചു.

എൻഡോക്രൈനോളജിയിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഡോ. വി. കാർത്തിക്, നെഫ്രോളജിയിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഡോ. രഞ്ജിനി രാധാകൃഷ്ണൻ, ഫോറൻസിക് മെഡിസിനിൽ തൃശൂർ മെഡിക്കൽ കോളേജിലെ ഡോ. രഹനാസ് അബ്ദുൾ അസീസ്, മൈക്രോബയോളജിയിൽ തൃശൂർ മെഡിക്കൽ കോളേജിലെ ഡോ. ടി.പി. സിതാര നാസർ, ന്യൂറോളജിയിൽ കോഴിക്കോട് മെഡിക്കൽ കോളേജിലെ ഡോ. അജിത അഗസ്റ്റിൻ, മെഡിക്കൽ ഗ്യാസ്ട്രോ എൻട്രോളജിയിൽ കോഴിക്കോട് മെഡിക്കൽ കോളേജിലെ ഡോ. പി.ഡി. നിതിൻ, ഇ.എൻ.ടി. വിഭാഗത്തിൽ ആലപ്പുഴ മെഡിക്കൽ കോളേജിലെ ഡോ. വി.എ. ഹംനാസ് എന്നിവരാണ് സ്വർണ മെഡൽ നേടിയത്.അന്തർദേശീയ രംഗത്ത് ഏറെ മൂല്യമുള്ളതാണ് ഈ ബിരുദം. ഒരു സംസ്ഥാനത്ത് ദേശീയ തലത്തിൽ ഇത്രയേറെ സ്വർണ മെഡലുകൾ അതും സർക്കാർ മെഡിക്കൽ കോളേജുകളിലെ വിദ്യാർത്ഥികൾ കരസ്ഥമാക്കുന്നത് ഇതാദ്യമായാണ്. സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലെ ഉന്നത വിദ്യാഭ്യാസത്തിന്റെ മികവാണ് ഇതിലൂടെ വെളിവാകുന്നത്. മേയ് 10ന് ഡൽഹിയിലെ വിജ്ഞാൻ ഭവനിൽ വച്ച് നടക്കുന്ന കോൺവക്കേഷനിൽ രാഷ്ട്രപതി സ്വർണ മെഡലുകൾ സമ്മാനിക്കും.

# രാജ്യത്ത് മുസ്‌ലിം വിരുദ്ധ അജണ്ടകൾ നടക്കുന്നു: പാളയം ഇമാം

തിരുവനന്തപുരം: രാജ്യത്ത് മുസ്‌ലിം വിരുദ്ധ അജണ്ടകൾ നടക്കുന്നുവെന്നു പാളയം ഇമാം ഡോ. വി.പി. സുഹൈബ് മൗലവി. ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ നടന്ന ഈദ് ഗാഹിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ഒരു സമുദായത്തെ മാത്രം മാറ്റിനിർത്തി സിഎഎ കൊണ്ടുവരുന്നു. ബഹുസ്വരത ഉയർത്തിപ്പിടിക്കുന്ന മതേതര സർക്കാർ രാജ്യത്ത് വരണം. അതിന് സമ്മതിദാന അവകാശം ഉപയോഗിക്കണമെന്നും പാളയം ഇമാം പറഞ്ഞു.

മണക്കാട് ഗവൺമെൻറ് ഗേൾസ് സ്കൂൾ മൈതാനത്തിൽ സിറ്റി ഈദ് ഗാഹ് കമ്മിറ്റിയും പരുത്തിക്കുഴി ഐഷ ആശുപത്രിക്ക് സമീപത്തെ നീലകണ്ഠ സ്പോർട്സ് ഹബ്ബിൽ പരുത്തിക്കുഴി ജുമാ മസ്ജിദ് പരിപാലന സമിതിയും സെൻട്രൽ സ്റ്റേഡിയത്തിൽ കെഎൻഎമ്മും ഈദ് ഗാഹ് കമ്മിറ്റിയും ഈദ് ഗാഹുകൾ സംഘടിപ്പിച്ചിരുന്നു. നിരവധി വിശ്വാസികൾ ഈദാ ഗാഹുകളിൽ പങ്കെടുത്തു.

# സുൽത്താൻ ബത്തേരി വിവാദം'; സുരേന്ദ്രനല്ല മോദി വിചാരിച്ചാലും വിലപ്പോവില്ലെന്ന് ടി. സിദ്ധിഖ്

വയനാട്: ലോക്സഭാ തെരഞ്ഞെടുപ്പിൽ ജയിച്ചാൽ സുൽത്താൻ ബത്തേരിയുടെ പേര് ഗണപതിവട്ടം എന്നാക്കുമെന്ന കെ. സുരേന്ദ്രൻറെ പ്രതാവനയ്ക്കെതിരെ കോൺഗ്രസ് നേതാവ് ടി. സിദ്ധിഖ്.

സുരേന്ദ്രനല്ല മോദി വിചാരിച്ചാലും വയനാട്ടിൽ അത് വിലപ്പോകില്ല. ചരിത്രത്തെ അപനിർമിക്കുകയാണ് സംഘപരിവാർ അജണ്ടയെന്നും സിദ്ധിഖ് പറഞ്ഞു.

പേര് മാറ്റം നടപ്പിലാക്കാനുള്ള പ്രാപ്തിയും കഴിവും സുരേന്ദ്രനില്ല. ജനശ്രദ്ധ കിട്ടാൻ വേണ്ടിയുള്ള ശ്രമമാണ് സുരേന്ദ്രൻ നടത്തുന്നതെന്നും സിദ്ധിഖ് വിമർശിച്ചു. സുൽത്താൻ ബത്തേരിയുടെ പേരുമാറ്റം അനിവാര്യമാണെന്നായിരുന്നു ബിജെപി സംസ്ഥാനധ്യക്ഷനും വയനാട്ടിലെ എൻഡിഎ സ്ഥാനാർഥിയുമായ കെ. സുരേന്ദ്രൻറെ പരാമർശം.

വൈദേശിക ആധിപത്യത്തിൻറെ ഭാഗമായി വന്നതാണ് സുൽത്താൻ ബത്തേരി എന്ന പേര്. സുൽത്താൻ ബത്തേരിയല്ല, അത് ഗണപതിവട്ടമാണ്. വിഷയം 1984 ൽ പ്രമോദ് മഹാജൻ ഉന്നയിച്ചതാണെന്നും അദ്ദേഹം കോഴിക്കോട്ട് വാർത്താസമ്മേളനത്തിൽ പറഞ്ഞു.

# സിവിൽ സർവീസ് പരിശീലനം

കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികളുടെ ആശ്രിതർക്ക് സിവിൽ സർവീസ് പ്രിലിമിനറി/ മെയിൻസ് പരീക്ഷയുടെ പരിശീലനത്തിലേക്ക് അപേക്ഷ ക്ഷണിച്ചു. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന കിലെ അക്കാഡമിയിൽ 2024 ജൂൺ ആദ്യ വാരം പുതിയ ബാച്ച് ആരംഭിക്കും. ഏതെങ്കിലും വിഷയത്തിൽ ബിരുദമാണ് അടിസ്ഥാന യോഗ്യത. പത്തു മാസമാണ് കോഴ്സ് ദൈർഘ്യം. ഈ കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്ന കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളുടെ ബിരുദധാരികളായ മക്കൾ/ ആശ്രിതർ ക്ഷേമനിധിയിൽ നിന്നും വാങ്ങിയ ആശ്രിതത്വ സർട്ടിഫിക്കറ്റ് സഹിതം ഏപ്രിൽ 20ന് മുമ്പായി ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷ ലിങ്ക് www.kile.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. കോഴ്സ് സംബന്ധിച്ച വിശദ വിവരങ്ങൾക്ക് താഴെ പറയുന്ന നമ്പറുകളിൽ പ്രവർത്തി സമയങ്ങളിൽ ബന്ധപ്പെടാവുന്നതാണ്. ആശ്രിതത്വ സർട്ടിഫിക്കറ്റിനായി വെള്ള പേപ്പറിൽ എഴുതിയ അപേക്ഷയോടൊപ്പം രജിസ്ട്രേഷൻ കാർഡിന്റെ പകർപ്പ്, ആധാർ കാർഡിന്റെ പകർപ്പ്, എസ്.എസ്.എൽ.സി ബുക്കിന്റെ പകർപ്പ് എന്നിവ സഹിതം ക്ഷേമനിധി ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ഫോൺ നമ്പർ: 7907099629, 0471 2309012, 2307742.

# സൗജന്യ തൊഴിലധിഷ്ഠിത സാങ്കേതിക കോഴ്സുകളിൽ സീറ്റുകൾ ഒഴിവ്

കേരള സർക്കാർ പട്ടികജാതി വികസന വകുപ്പുമായി സഹകരിച്ച് ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരളയുടെ മംഗലപുരം ക്യാമ്പസിൽ ആരംഭിച്ച ജോലി സാധ്യത ഏറെയുള്ള ഉന്നത സാങ്കേതിക വൈജ്ഞാനിക കോഴ്സുകളിലെ ഒഴിവുള്ള ഏതാനം സീറ്റുകളിലേക്ക് പട്ടികജാതിക്കാരായ യുവജനങ്ങൾക്ക് ഇപ്പോൾ അപേക്ഷിക്കാം . അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി ഏപ്രിൽ 15 വരെ.

പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ബ്ലോക്ക് ചെയിൻ, സർട്ടിഫിക്കറ്റ് ഇൻ ഇലക്ട്രോണിക്സ് പിസിബി ഡിസൈൻ എന്നീ കോഴ്സുകളിലേക്കാണ് ബിരുദ യോഗ്യതയുള്ള പട്ടികജാതിക്കാരായ യുവജനങ്ങൾക്ക് ഇപ്പോൾ അപേക്ഷിക്കാവുന്നത്. 202425 അക്കാദമിക വർഷത്തെ ബാച്ചുകളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസും, ഹോസ്റ്റൽ ഫീസും ഭക്ഷണവും സൗജന്യമാണ്. വിജയകരമായി കോഴ്സ് പൂർത്തിയാക്കുന്നവർക്ക് കേരളത്തിലെ പ്രമുഖ സാങ്കേതിക വ്യവസായ സ്ഥാപനങ്ങളിൽ പരിശീലനവും തൊഴിൽ പ്രവേശനവും ഡിജിറ്റൽ സർവകലാശാല ഉറപ്പു വരുത്തിയിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരളയുടെ മംഗലാപുരം ക്യാമ്പസുമായോ , കേരള സർക്കാർ പട്ടികജാതി ഡയറക്ടറേറ്റുമായോ ബന്ധപ്പെടാവുന്നതാണ്. അപേക്ഷ സംബന്ധിച്ച വിവരങ്ങൾ ഈ ലിങ്കിൽ ലഭ്യമാണ് http://duk.ac.in/skills/, 0471-2788000,

# ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ സിറ്റിങ്

കൊല്ലം ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ സുനിത വിമൽ ഏപ്രിൽ 16, 23, 30 തീയതികളിൽ പുനലൂരിലും മറ്റു പ്രവൃത്തിദിനങ്ങളിൽ ആസ്ഥാനത്തും തൊഴിൽ തർക്ക കേസ്സുകളും, എംപ്ലോയീസ് ഇൻഷുറൻസ് കേസ്സുകളും, എംപ്ലോയീസ് കോമ്പൻസേഷൻ കേസ്സുകളും വിചാരണ നടത്തും.

# പോളിംഗ് ഡ്യൂട്ടിയിലുള്ള ഉദ്യോഗസ്ഥർക്ക് തപാൽ വോട്ടിന് അപേക്ഷിക്കാം

പോളിംഗ് ഡ്യൂട്ടിയിലുള്ള ഉദ്യോഗസ്ഥർക്ക് നിശ്ചിത സമയപരിധിക്കുള്ളിൽ തപാൽ വോട്ടിന് അപേക്ഷിക്കാമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ അറിയിച്ചു. തിരഞ്ഞെടുപ്പ് ഡ്യൂട്ടിയിലുള്ള ഉദ്യോഗസ്ഥർ ഫോം 12ൽ തിരഞ്ഞെടുപ്പിന് ഏഴു ദിവസം മുൻപ് വരണാധികാരിക്ക് അപേക്ഷ സമർപ്പിക്കണം. വോട്ടർ പട്ടികയിൽ പേരുള്ള മണ്ഡലത്തിൽ തിരഞ്ഞെടുപ്പ് ഡ്യൂട്ടിക്കായി നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർക്ക് ഫോം 12അ ൽ തിരഞ്ഞെടുപ്പിന് നാലു ദിവസം മുൻപുവരെ അപേക്ഷ സമർപ്പിക്കാം. വരണാധികാരികൾ അപേക്ഷകന് ഫോം 12ആ ൽ ഇലക്ഷൻ ഡ്യൂട്ടി സർട്ടിഫിക്കറ്റ് നൽകും.

# ലോക്സഭാ തിരഞ്ഞെടുപ്പ്; പൊതുജനങ്ങൾക്കായി ക്വിസ് മത്സരം

ലോക്സഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസിന്റെ ആഭിമുഖ്യത്തിൽ പൊതുജനങ്ങൾക്കായി ക്വിസ് മത്സരം സംഘടിപ്പിക്കുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ അറിയിച്ചു. ഏപ്രിൽ 15 മുതൽ 20 വരെ ആറു കോർപ്പറേഷനുകളിലായി ആദ്യഘട്ട മത്സരം നടക്കും. ഇതിൽ വിജയിക്കുന്നവർക്കുള്ള ഫൈനൽ മത്സരം ഏപ്രിൽ 23ന് തിരുവനന്തപുരം കോർപ്പറേഷനിൽ നടക്കും. തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ, ചരിത്രം രാഷ്ട്രീയം എന്നിവ അധികരിച്ചാണ് ചോദ്യങ്ങൾ ഉണ്ടാവുക. കൂടുതൽ വിവരങ്ങൾക്ക് 8714817833.

# കോടതി വിധിയിൽ സന്തോഷം; പോരാടി നേടിയ വിജയം മോശമാക്കാൻ ശ്രമിച്ചു: കെ. ബാബു

കൊച്ചി: തന്നെ അയോഗ്യനാക്കണമെന്ന് ആവശ്യപ്പെട്ട് സിപിഎം സ്ഥാനാ!ർഥിയായിരുന്ന എം. സ്വരാജ് നൽകിയ ഹർജി ഹൈക്കോടതി തള്ളിയതിന് പിന്നാലെ പ്രതികരണവുമായി തൃപ്പൂണിത്തുറ എംഎൽഎ കെ. ബാബു.

കോടതി വിധിയിൽ ഏറെ സന്തോഷമുണ്ട്. 2021ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ താൻ വിജയിച്ചു. ആ തെരഞ്ഞെടുപ്പ് വിധി അസാധുവാക്കണമെന്നും എൽഡിഎഫ് സ്ഥാനാർഥിയെ വിജയിയായി പ്രഖ്യാപിക്കണമെന്നും ആവശ്യപ്പെട്ടാണ് ഹൈക്കോടതിയിൽ ഹർജി സമർപ്പിക്കപ്പെട്ടത്.

മൂന്നുവർഷമായി കേസു നടന്നുകൊണ്ടിരിക്കുകയാണ്. ഇന്ന് വിധി വന്നു. കേസ് തള്ളി. കെ. ബാബു തോറ്റാൽ അയ്യപ്പൻ തോൽക്കുന്നതു പോലെയാണെന്ന് മണ്ഡലത്തിൽ പ്രചാരണം താൻ നടത്തി, ചുമരെഴുതി തുടങ്ങിയ ആരോപണങ്ങളെല്ലാം ഹൈക്കോടതി തള്ളിയിരുന്നു.

അയ്യപ്പ സ്വാമിയുടെ പടം വച്ച് സ്ലിപ്പ് അടിച്ച് വിതരണം ചെയ്തുവെന്ന ആക്ഷേപം നിലനിൽക്കുമെന്ന് ഹൈക്കോടതി അന്ന് പറഞ്ഞിരുന്നു. സത്യമെന്തെന്നാൽ ഞങ്ങൾ അത്തരമൊരു സ്ലിപ് അടിച്ചിട്ടില്ല. അത് കൃത്രിമമായി ഉണ്ടാക്കിയതാണ്.

ഇലക്ഷന് തലേദിവസമാണ് പോലീസിൽ പരാതി നൽകിയത്. ഇലക്ഷനുമായി ബന്ധപ്പെട്ടവർക്കാണ് അത് നൽകേണ്ടിയിരുന്നത്. എന്നാൽ അങ്ങനെ ചെയ്തില്ല. 2021ലെ ജനകീയ വിധി യുഡിഎഫിനെ വിജയിപ്പിച്ചു.

ബിജെപിയുടെ പിന്തുണയോടെ ആണ് വോട്ട് വിലയ്ക്ക് വാങ്ങിയതെന്ന് ആക്ഷേപമുണ്ടായിരുന്നു. ഞങ്ങൾ പോരാടി നേടി!യ വിജയം മോശമാക്കാൻ എൽഡിഎഫ് ശ്രമിച്ചു. അവർ ജനകീയ കോടതി വിധി മാനിച്ചില്ല. എന്നാൽ ഇപ്പോൾ നീതിന്യായ കോടതിയിൽ നിന്നും സത്യം കണ്ടെത്തിയിക്കുന്നു.

കോടതി വിധിയും ജനവിധിയും ഇടതുപക്ഷ മുന്നണിയും സ്ഥാനാർഥിയും അംഗീകരിക്കാൻ തയാറാകണം. തെറ്റ് ചെയ്തിട്ടില്ലെന്ന ഉത്തമബോധ്യം ഞങ്ങൾക്കുണ്ടായിരുന്നു. ഞാൻ ഏഴ് തെരഞ്ഞെടുപ്പിൽ മത്സരിച്ചു. ഒന്നിൽ പോലും ഇതുവരെ മെമ്മോ പോലും ലഭിച്ചിട്ടില്ല. തെരഞ്ഞെടുപ്പ് ചട്ടം നൂറ് ശതമാനം അനുസരിച്ചുകൊണ്ടാണ് തെരഞ്ഞെടുപ്പിനെ നേരിട്ടിട്ടുള്ളത്.

ഈ തെരഞ്ഞെടുപ്പ് ഫലം എന്തുകൊണ്ടോ ഇടതുപക്ഷത്തിനും സ്ഥാനാർഥിക്കും ഉൾക്കൊള്ളാനായില്ല. സത്യം പറഞ്ഞാൽ എൽഡിഎഫിൻറെ വോട്ട് ഇവിടെ കുറഞ്ഞിരുന്നു. അതിന് അന്ന് അവർ നടപടിയുമെടുത്തിരുന്നു. എന്നാൽ ബിജെപി വോട്ട് തേടിയാണ് താൻ ജയിച്ചതെന്നാണ് അവർ അന്ന് പറഞ്ഞത്. മുഖ്യമന്ത്രി പോലും ആ ആക്ഷേപം ഉന്നയിച്ചിരുന്നുവെന്നും കെ. ബാബു പറഞ്ഞു.

# ചെറിയ തുകയ്ക്കുള്ള മുദ്രപത്രങ്ങൾ കിട്ടാതെ ജനം വലയുന്നു

പറവൂർ: പറവൂരിൽ ചെറിയ തുകയ്ക്കുള്ള മുദ്രപത്രങ്ങളും, കോർട്ട് ഫീ സ്റ്റാമ്പുകളും ലഭിയ്ക്കാത്തത് ജനങ്ങളെ വലയ്ക്കുന്നു.

സാധാരണ ആവശ്യങ്ങൾക്കുള്ള 50, 100 രൂപയുടെ പത്രങ്ങൾക്കാണ് ക്ഷാമം. അതിനാൽ സർട്ടിഫിക്കറ്റുകൾക്കും, കരാറുകൾക്കും കൂടിയ വിലയുടെ മുദ്രപത്രം വാങ്ങി ഉപയോഗിക്കുകയാണ് ആവശ്യക്കാർ.

50 രൂപയുടെ മുദ്രപത്രം ചോദിക്കുന്നവർക്ക് 500 രൂപയുടേതാണ് നൽകുന്നത്. മറ്റു മാർഗങ്ങളില്ലാത്തതിനാൽ പത്തിരട്ടിയിലേറെ അധികം തുക നൽകി മുദ്രപ്പത്രം വാങ്ങേണ്ട സ്ഥിതിയാണ്. ജനന മരണ സർട്ടിഫിക്കറ്റുകൾക്കും, കെഎസ്എഫ്ഇ ഉൾപ്പടെയുള്ള ധനകാര്യ സ്ഥാപനങ്ങളിലും 50 രൂപയുടെ മുദ്രപത്രമാണ് നൽകേണ്ടത്.

വാടക കരാറുകൾക്കാകട്ടെ 200 രൂപയുടെ മുദ്രപത്രമാണ് വേണ്ടത്. മുദ്രപത്രങ്ങൾ ഇ സ്റ്റാമ്പു വഴിയാക്കുന്നതിൻറെ ഭാഗമായി ചെറിയ പത്രങ്ങൾ അച്ചടിക്കാത്തതാണ് പ്രതിസന്ധിക്ക് കാരണമായി പറയുന്നത്.

കോർട്ട്ഫീ സ്റ്റാമ്പ് ക്ഷാമത്തെ തുടർന്ന് പറവൂർ ജോയിൻറ് ആർടി ഓഫീസിൽ ഓട്ടോ കൺസൾട്ടൻസി ഏജൻറുമാർ മുഖേന സമർപ്പിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നില്ലെന്ന പരാതി ഉയരുന്നുണ്ട്. തൃശൂർ, എറണാകുളം ജില്ലകളിൽ കുറഞ്ഞ വിലയുടെ കോർട്ട് ഫീ സ്റ്റാമ്പുകൾ ലഭ്യമല്ലാത്ത അവസ്ഥയാണ്.

ജില്ലയിലെ മറ്റ് ജോയിൻറ് ആർടി ഓഫീസുകളിൽ കോർട്ട് ഫീ സ്റ്റാമ്പ് ഇല്ലാതെ അപേക്ഷകൾ സ്വീകരിക്കുന്നുണ്ട്. എന്നാൽ പറവൂരിൽ മാത്രം വിവേചനം കാണിക്കുന്നതായി ഓൾ കേരള ഓട്ടോ കൺസൾട്ടൻസി വർക്കേഴ്സ് അസോസിയേഷൻസിഐടിയു ഏരിയ പ്രസിഡൻറ് സി. എസ്. വേണുഗോപാൽ ആരോപിച്ചു.ഭൂരിഭാഗം അപേക്ഷകളും ജോയിൻറ് ആർടി ഓഫീസിലെത്തുന്നത് കൺസൾട്ടൻസി മുഖേനയാണ്. അപേക്ഷയോടൊപ്പം നൽകുന്ന ചുമതല പത്രത്തിലാണ് അഞ്ച് രൂപ സ്റ്റാമ്പ് ഒട്ടിക്കേണ്ടത്. സ്റ്റാമ്പ് ലഭ്യമാകുന്ന മുറയ്ക്ക് ഒട്ടിച്ചു നൽകാൻ തയറാണ്. എന്നാൽ ജനങ്ങളെ വലയ്ക്കുന്ന നിലപാടാണ് ജോയിൻറ് ആർടിഒ കൈക്കൊള്ളുന്നതെന്ന് വേണുഗോപാൽ പറഞ്ഞു.

കൺസൾട്ടൻസി ഏജൻറുമാർ വഴി ചുമതലപ്പെടുത്തി വരുന്ന അപേക്ഷകളിൽ കോർട്ട് ഫീ സ്റ്റാമ്പ് നിർബന്ധമാക്കുന്നത് സർക്കാർ മാനദണ്ഡപ്രകാരം മാത്രമാണെന്ന് ജോയിൻറ് ആർടിഒ ബി. ഷേർളി പറഞ്ഞു.

## ഇന്ത്യചൈന അതിർത്തി പ്രശ്നം അടിയന്തരമായി പരിഹരിക്കണമെന്ന് പ്രധാനമന്ത്രി

ന്യൂഡൽഹി: ഇന്ത്യചൈന അതിർത്തിയിലെ സ്ഥിതിഗതികൾ അടിയന്തരമായി പരിഹരിക്കേണ്ടതുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. സുസ്ഥിരമായ ഇന്ത്യചൈന ബന്ധം ലോകമെമ്പാടും പ്രധാനമാണെന്ന് യുഎസിലെ ന്യൂസ് വീക്ക് മാസികയ്ക്ക് നൽകിയ അഭിമുഖത്തിൽ പ്രധാനമന്ത്രി മോദി പറഞ്ഞു.

'ഇന്ത്യയെ സംബന്ധിച്ചിടത്തോളം ചൈനയുമായുള്ള ബന്ധം സുപ്രധാനവും പ്രാധാന്യമർഹിക്കുന്നതുമാണ്. നമ്മുടെ അതിർത്തിയിൽ നീണ്ടുനിൽക്കുന്ന സാഹചര്യം അടിയന്തിരമായി പരിഹരിക്കേണ്ടതുണ്ടെന്നാണ് എൻറെ വിശ്വാസം, അതുവഴി നമ്മുടെ ഉഭയകക്ഷി ഇടപെടലുകളിലെ അസാധാരണത്വം നമുക്ക് പിന്നിൽ നിർത്താനാകും'. പ്രധാനമന്ത്രി പറഞ്ഞു.

ക്രിയാത്മകമായ ഇടപെടലിലൂടെ അതിർത്തിയിൽ സമാധാനം പുനഃസ്ഥാപിക്കാൻ ചൈനയ്ക്ക് കഴിയുമെന്നും അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു.

## ഒരു രക്ഷയുമില്ല! കൈവിട്ട് കുതിച്ച് സ്വർണവില; 53,000 രൂപയിലേക്ക്

കൊച്ചി: സംസ്ഥാനത്ത് സ്വർണവില റിക്കാർഡ് ഭേദിച്ച് മുന്നേറുന്നു. പവന് 80 രൂപയും ഗ്രാമിന് 10 രൂപയുമാണ് ഉയർന്നത്. ഇതോടെ ഒരു പവൻ സ്വർണത്തിന് 52,960 രൂപയിലും ഗ്രാമിന് 6,620 രൂപയിലുമാണ് വ്യാപാരം പുരോഗമിക്കുന്നത്.

ബുധനാഴ്ച പവന് 80 രൂപയും ചൊവ്വാഴ്ച 280 രൂപയും വർധിച്ചിരുന്നു. കഴിഞ്ഞ മാസം 29ന് ആണ് ആദ്യമായി സ്വർണവില 50, 000 കടന്നത്. അന്ന് ഒറ്റയടിക്ക് 440 രൂപ വർധിച്ച് 50, 400 രൂപയായാണ് സ്വർണവില ഉയർന്നത്. അതിന് ശേഷം സ്വർണവില ഒരു ഘട്ടത്തിലും അരലക്ഷത്തിൽ നിന്ന് താഴേക്ക് വീണിട്ടില്ല. പിന്നീടുള്ള ദിവസങ്ങളിൽ ഏറിയും കുറഞ്ഞും നിന്ന സ്വർണവിലയാണ് ഈ മാസം ഒന്നു മുതൽ വീണ്ടും ഉയരാൻ തുടങ്ങിയത്. ഒന്നിന് 680 രൂപ കൂടിയപ്പോൾ രണ്ടിന് 200 രൂപ കുറയുകയാണുണ്ടായത്. തുടർന്ന് മൂന്നിന് 600 രൂപ വർധിച്ച് 51,000 കടന്നു. ആറിന് ഒറ്റയടിക്ക് 960 രൂപ കൂടി 5,2000 പിന്നിട്ടിരുന്നു. കഴിഞ്ഞ ഒൻപത് ദിവസത്തിനിടെ 2300 രൂപയാണ് വർധിച്ചത്. കഴിഞ്ഞ വർഷം ഏപ്രിൽ 10 ന് 44,320 രൂപയായിരുന്നു ഒരു പവൻ സ്വർണത്തിന്റെ വില. ഒരു വർഷം കൊണ്ട് 8,560 രൂപയുടെ വർധനയാണ് സ്വർണത്തിന് ഉണ്ടായിരിക്കുന്നത്. ആഗോളതലത്തിൽ സ്വർണവിലയിൽ ഉണ്ടായ വർധനയും സുരക്ഷിത നിക്ഷേപം എന്ന നിലയിൽ സ്വർണത്തിലേക്ക് കൂടുതൽ പേർ എത്തുന്നതുമാണ് വിലയിൽ പ്രതിഫലിച്ചത്.

# ബസ് യാത്രക്കാരിയെ തട്ടിക്കൊണ്ടുപോയി പീഡിപ്പിച്ച കേസ്; ഒളിവിൽപോയ പ്രതി 27 വർഷത്തിന് ശേഷം പിടിയിൽ

അഞ്ചൽ : ക്ഷേത്ര ദർശനം കഴിഞ്ഞു സ്വകാര്യ ബസിൽ വീട്ടിലേക്ക് മടങ്ങിയ യുവതിയെ തട്ടികൊണ്ടുപോയി കൂട്ടബലാത്സംഗം ചെയ്ത കേസിൽ ഒളിവിലായിരുന്ന പ്രതി 27 വർഷത്തിന് ശേഷം പിടിയിൽ. വർക്കല ശ്രീനിവാസപുരം സ്വദേശി സജീവാണ് അഞ്ചൽ പോലീസിൻറെ പിടിയിലായത്.

1997 ജൂലൈ 16 നാണ് സംഭവം നടക്കുന്നത്. കുളത്തുപ്പുഴയിൽ ക്ഷേത്ര ദർശനത്തിന് ശേഷം പെട്രീഷ്യ എന്ന സ്വകാര്യ ബസിൽ അഞ്ചൽ ഭാഗത്തേക്ക് വരികയായിരുന്ന 26 കാരിയും വിവാഹിതയുമായ യുവതിയെ ആളൊഴിഞ്ഞ സ്ഥലത്ത് എത്തിച്ചു കാറിൽ കയറ്റി കൊണ്ടുപോവുകയും ദിവസങ്ങളോളം തടവിൽ വച്ച് പീഡിപ്പിക്കുകയുമായിരുന്നു എന്നാണു കേസ്.

കേസിൽ ബസുടമയുടെ മകൻ അടക്കം പത്തോളം പ്രതികളാണ് ഉണ്ടായിരുന്നത്. അന്ന് അറസ്റ്റ് ചെയ്ത് റിമാൻഡിൽ കഴിയവേ ജാമ്യം എടുത്തു മുങ്ങിയ സജീവ് പിന്നീട് വിദേശത്തേക്ക് കടക്കുകയും വർക്കലയിൽ നിന്നും താമസം മാറുകയുമായിരുന്നു.

2003 ൽ ഇയാളെ കോടതി പിടികിട്ടാപ്പുള്ളിയായി പ്രഖ്യാപിച്ചിരുന്നു. ഇയാൾക്കായി വർഷങ്ങളായി പോലീസ് അന്വേഷണം നടത്തിവരികയായിരുന്നു. ഇടയ്ക്ക് വിദേശത്തേക്ക് പോവുകയും പിന്നീട് നാട്ടിലെത്തി ഓട്ടോറിക്ഷ ഓടിക്കുകയും ചെയ്ത പ്രതിയെ കുറിച്ച് രഹസ്യ വിവരം ലഭിച്ച പോലീസ് ദിവസങ്ങളുടെ നിരീക്ഷണത്തിന് ശേഷം തിരുവനന്തപുരത്തുള്ള ചെങ്കോട്ടുകോണത്ത് നിന്നും പിടികൂടുകയായിരുന്നു.

അഞ്ചൽ എസ്എച്ച്ഒ സാബു, സീനിയർ പോലീസ് ഓഫീസർമാരായ വിനോദ്കുമാർ, അനിൽ കുമാർ, സിവിൽ പോലീസ് ഓഫീസർ സാബു എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ പിടികൂടിയത്. പ്രതിയെ റിമാൻറ് ചെയ്തു.

# എൻഡിഎ സ്ഥാനാർഥി ജയിക്കുമെന്ന് തത്ത; കൈനോട്ടക്കാരനെ കൂട്ടിലടച്ച് പോലീസ്

കോഴിക്കോട്: മുകേഷ് നായകനായ 'പ്രവാചകൻ' എന്ന സിനിമ ഓർമയില്ലേ. . തെരഞ്ഞെടുപ്പ് പ്രവചനവും അട്ടിമറിയും ഫലമറിയാൻ ജോൽസ്യൻറെ മുന്നിൽ ക്യൂ നിൽക്കലുമൊക്കെയായി തകർത്തോടിയ സിനിമ.

സിനിമ ഇറങ്ങിയത് മലയാളത്തിലാണെങ്കിലും സമാനമായ സംഭവം അരങ്ങേറിയിരിക്കുന്നത് തമിഴ്നാട്ടിലാണ്. തത്തയെക്കൊണ്ട് കൈ നോക്കിച്ച് എൻഡിഎ സ്ഥാനാർഥി വിജയിക്കുമെന്ന് പ്രവചിച്ച കൈനോട്ടകാരനെ പോലീസ് അറസ്റ്റ് ചെയ്തു.

അനധികൃതമായി പക്ഷിയെ കൈവശം സൂക്ഷിച്ചതിന് കൈനോട്ടക്കാരൻ സെൽവരാജിനെ തമിഴ്നാട് പോലീസാണ് അറസ്റ്റ് ചെയ്തത്. തമിഴ്നാട്ടിലെ കൂടല്ലൂർ ലോക്സഭാ മണ്ഡലത്തിലെ സ്ഥാനാർഥി തങ്കാർ ബച്ചൻറെ വിജയമാണ് തത്ത പ്രവചിച്ചത്. വനംവകുപ്പ് ഉദ്യോഗസ്ഥൻ ജെ. രമേശിൻറെ നേതൃത്വത്തിലുള്ള സംഘമാണ് സെൽവരാജിനെ പിടികൂടിയത്.

1972ലെ വന്യജീവി നിയമപ്രകാരം തത്തകളെ ഷെഡ്യൂൾ കക സ്പീഷീസ് ആയി തരംതിരിക്കുന്നുണ്ട്. അത്തരം തത്തകളെ സൂക്ഷിക്കുന്നത് നിയമപ്രകാരം കുറ്റകരമാണ്. ഇതിൻറെ അടിസ്ഥാനത്തിലാണ് നിയമം ലംഘിച്ചതിന് സെൽവരാജിനെ പൊലീസ് അറസ്റ്റ് ചെയ്തത്. കൂടാതെ 10, 000 രൂപ പിഴയും സെൽവരാജിന് ചുമത്തിയിട്ടുണ്ട്.

എന്നാൽ സംഭവത്തെ അനാവശ്യ വിവാദമാകുന്നത് ഡിഎംകെയുടെ തെരഞ്ഞെടുപ്പ് പരാജയഭീതി മൂലമാണെന്ന് പിഎംകെ നേതാവ് അൻപുമണി രാമദോസിൻറെ വിമർശനം. ഇത്തരം വിഡ്ഢിത്തമായ നടപടി പരാജയഭീതി വെളിവാക്കുന്നതാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# സുൽത്താൻബത്തേരിയല്ല, 'ഗണപതിവട്ടം'; പേരുമാറ്റം അനിവാര്യമെന്ന് കെ. സുരേന്ദ്രൻ

കോഴിക്കോട്: സുൽത്താൻ ബത്തേരിയുടെ പേരുമാറ്റം അനിവാര്യമാണെന്ന് ബിജെപി സംസ്ഥാനധ്യക്ഷനും വയനാട്ടിലെ എൻഡിഎ സ്ഥാനാർഥിയുമായ കെ. സുരേന്ദ്രൻ.

വൈദേശിക ആധിപത്യത്തിൻറെ ഭാഗമായി വന്നതാണ് സുൽത്താൻ ബത്തേരി എന്ന പേര്. സുൽത്താൻ ബത്തേരിയല്ല, അത് ഗണപതിവട്ടമാണ്. വിഷയം 1984ൽ പ്രമോദ് മഹാജൻ ഉന്നയിച്ചതാണെന്നും അദ്ദേഹം കോഴിക്കോട്ട് വാർത്താസമ്മേളനത്തിൽ പറഞ്ഞു.

നേരത്തെ ഒരു ദേശീയ മാധ്യമത്തിന് നൽകിയ അഭിമുഖത്തിലും ഇതേ കാര്യം സുരേന്ദ്രൻ പറഞ്ഞിരുന്നു. അതേസമയം, പേരുമാറ്റൽ വിവാദത്തിൽ സുരേന്ദ്രനെതിരെ കൽപ്പറ്റ എംഎൽഎ ടി. സിദ്ദീഖും മുൻ എംഎൽഎ സി. കെ. ശശീന്ദ്രനും രംഗത്തെത്തി.

പാനൂർ സ്ഫോടനത്തിൻറെ റിമാൻഡ് റിപ്പോർട്ട് ഗൗരവതരമാണെന്നും കെ സുരേന്ദ്രൻ പറഞ്ഞു. ആർഎസ്എസ്, ബിജെപി നേതാക്കളെ ലക്ഷ്യമിട്ടായിരുന്നു ബോംബ് നിർമാണം.

സിപിഎം ഉന്നത നേതൃത്വത്തിൻറെ അറിവോടെയാണിത്. തെരഞ്ഞെടുപ്പ് കമ്മീഷൻ വിഷയത്തിൽ ശക്തമായി ഇടപെടണം. മുഖ്യമന്ത്രി മൗനം വെടിയണം. തെരഞ്ഞെടുപ്പ് അട്ടിമറിക്കാനുള്ള ആസൂത്രിത നീക്കമാണ് നടക്കുന്നതെന്നും സുരേന്ദ്രൻ ആരോപിച്ചു.

അനിൽ ആൻറണിക്കെതിരായ ആരോപണം സത്യത്തിൽ ലക്ഷ്യംവയ്ക്കുന്നത് എ. കെ. ആൻറണിയെയാണെന്നും കോൺഗ്രസിനുള്ളിലെ പ്രശ്നങ്ങളാണ് ആരോപണത്തിന് പിന്നിലെന്നും കെ. സുരേന്ദ്രൻ പറഞ്ഞു.

# ഉടമ സ്ഥലം വിട്ടുകൊടുത്തു, നാട്ടുകാർ മതിൽ നിർമിച്ചു; ഗതാഗതം സുഗമമായി

ഏറ്റുമാനൂർ: നാട്ടുകാരുടെ ആവശ്യത്തോട് സ്ഥലമുടമയുടെ അനുകൂല പ്രതികരണം. ഉടമയ്ക്കു കൊടുത്ത വാക്കുപാലിച്ച് നാട്ടുകാർ. ഗതാഗതം സുഗമമായതിൻറെ ആഹ്ലാദത്തിൽ സ്ഥലമുടമയും നാട്ടുകാരും.

എംസി റോഡിൽ ഗതാഗതക്കുരുക്കുണ്ടായാൽ നിരവധി യാത്രക്കാർ ആയിച്ചിരുന്ന റോഡാണ് ഏറ്റുമാനൂർ പോലീസ് സ്റ്റേഷനു സമീപത്തുനിന്ന് ആരംഭിക്കുന്ന കൊച്ചുപുരയ്ക്കൽകണ്ണാറമുകൾ റോഡ്. എന്നാൽ റോഡിലെ ഒരു മതിൽ വലിയ വാഹനങ്ങൾ കടന്നുപോകുന്നതിന് തടസമായിരുന്നു.

തടസം നീക്കുന്നതിനു വേണ്ടി മതിൽ പൊളിച്ച് ഇറക്കിക്കെട്ടുന്നതിന് അനുമതി തേടി ജിപി റോഡ് റെസിഡൻറ്സ് അസോസിയേഷൻ ഭാരവാഹികൾ സ്ഥലമുടമ അലക്സ് ആര്യൻകാലയെ സമീപിച്ചു. യാതൊരു വൈമനസ്യവും കൂടാതെ മതിൽ പൊളിക്കാൻ അലക്സ് അനുമതി നൽകി. മാർച്ച് 30ന് റെസിഡൻറ്സ് അസോസിയേഷൻറെ നേതൃത്വത്തിൽ മതിൽ പൊളിച്ചുനീക്കി.

പൊളിച്ചു നീക്കിയ മതിൽ 10 ദിവസത്തിനകം റെസിഡൻറ്സ് അസോസിയേഷൻറെ നേതൃത്വത്തിൽ മനോഹരമായി പുനർനിർമിച്ചു നൽകി.

നാടിൻറെ പൊതുആവശ്യത്തിനായി കൈകോർത്ത സ്ഥലമുടമ അലക്സ് ആര്യൻകാലയും ജിപി റോഡ് റെസിഡൻറ്സ് അസോസിയേഷനും നാടിനു മാതൃകയായി. ജിപി റോഡ് റെസിഡൻറ്സ് അസോസിയേഷൻ പ്രസിഡൻറ് ബി. രാജീവ്, സെക്രട്ടറി സി.വി. തങ്കപ്പൻ എന്നിവരുടെ നേതൃത്വത്തിലായിരുന്നു പ്രവർത്തനങ്ങൾ.

# ഏകാധിപത്യ പ്രവണതയിൽ മോദിയും പിണറായിയും തുല്യർ: ഷിബു ബേബി ജോൺ

കൊല്ലം: പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ എല്ലാ ഏകാധിപത്യ പ്രവണതകളും മുഖ്യമന്ത്രി പിണറായി വിജയനും അതുപോലെ അനുവർത്തിക്കുകയാണെന്ന് ആർഎസ്പി സംസ്ഥാന സെക്രട്ടറി ഷിബു ബേബി ജോൺ പറഞ്ഞു. കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രി ജീവനക്കാരി അനിതയുടെ വിഷയം തന്നെ അതിൻറെ ഉദാഹരണമാണ്.

കേന്ദ്രം പെൻഷൻ വിതരണത്തെ തടസപ്പെടുത്താൻ ശ്രമിക്കുകയാണെന്നാണ് സംസ്ഥാന സർക്കാർ പറയുന്നത്.എന്നാൽ കേന്ദ്ര സഹായം ലഭിക്കുന്നതിനു മുമ്പും ഇവിടെ പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്.ക്ഷേമ പെൻഷൻ അവകാശമല്ല, ഔദാര്യമാണെന്ന സർക്കാർ നിലപാട് പിന്തിരിപ്പൻ സമീപനമാണെന്നും അദ്ദേഹം കുറ്റപ്പെടുത്തി. മുഖ്യമന്ത്രി കൊല്ലത്ത് എത്തിയതിൽ കൃത്യമായ മത രാഷ്ട്രീയമുണ്ട്.തീരദേശതോട്ടം മേഖലകളിൽ മുഖ്യമന്ത്രി എത്തിയില്ലെന്നും കോൺഗ്രസിനെ മാത്രം മുഖ്യമന്ത്രി കടന്നാക്രമിക്കുകയാണെന്നും ഷിബു കുറ്റപ്പെടുത്തി.

അതേസമയം കൊല്ലത്ത് മത്സരം യുഡിഎഫും എൽഡിഎഫും തമ്മിലാണെന്നും അദ്ദേഹം സൂചിപ്പിച്ചു. രണ്ടാം സ്ഥാനത്ത് എൽഡിഎഫാണ്. കൊല്ലത്തെ യുഡിഎഫ് സ്ഥാനാർഥിയുടെ പൂജാമുറിയിൽ മോദിയുടെ പടം കാണുമെന്ന് എൻ.കെ.പ്രേമചന്ദ്രനെതിരെ മന്ത്രി കെ.ബി.ഗണേഷ് കുമാർ കഴിഞ്ഞ ദിവസം നടത്തിയ ആക്ഷേപത്തിനെതിരെയും ഷിബു പ്രതികരിച്ചു.

കിടപ്പ് മുറിയിൽ നിന്ന് ഗണേഷ് കുമാറിൻറെ ശ്രദ്ധ പൂജാമുറിയിലേക്ക് മാറിയതിൽ സന്തോഷമെന്നായിരുന്നു ഷിബു ബേബിജോണിൻറെ പരിഹാസം. പൈതൃകം വ്യതിചലിച്ച് താൻ പോയിട്ടില്ല. ഗണേഷിൻറെ കഥകൾ ഞങ്ങൾ പറഞ്ഞാൽ തേച്ചാലും കുളിച്ചാലും പോകില്ലെന്നും അദ്ദേഹം പരിഹസിച്ചു.

# ആയിരങ്ങൾ പങ്കെടുത്ത് പെരുന്നാൾ നമസ്ക്കാരങ്ങൾ

കോവളം : വിഴിഞ്ഞം തെക്കുംഭാഗം ജമാഅത്ത് വലിയ പള്ളിയിൽ നടന്ന പെരുന്നാൾ നമസ്ക്കാരത്തിൽ ആയിരങ്ങൾ പങ്കെടുത്തു. ഭക്തിസാന്ദ്രമായ അന്തരീക്ഷത്തിൽ രാവിലെ 8.30ന് നടന്ന പെരുന്നാൾ നമസ്ക്കാരത്തിന് ചീഫ് ഇമാം അബ്ദുൽ സത്താർ ബാഖവി നേതൃത്വം നൽകി.

രണ്ട് റക്കഅത്ത് പെരുന്നാൾ നമസ്കാരത്തിന് പിന്നാലെ ഖുത്തുബ പ്രസംഗത്തിനും ദുആക്കും ശേഷം പരസ്പരം ഹസ്തദാനം നടത്തിയും ആലിംഗനം ചെയ്തും പെരുന്നാൾ ആശംസകൾ കൈമാറിയാണ് വിശ്വാസികൾ വീടുകളിലേക്ക് മടങ്ങിയത്.

സമീപ ജമാഅത്തുകളായ വിഴിഞ്ഞം സെൻട്രൽ ജുംആ മസ്ജിദിലും വിഴിഞ്ഞം വടക്കേ ഭാഗം ജുംആ മസ്ജിദിലും രാവിലെ എട്ടിനു നടന്ന പെരുന്നാൾ നമസ്ക്കാരങ്ങളിലും നൂറുകണക്കിന് വിശ്വാസികൾ പങ്കെടുത്തു.

വടക്കേ ഭാഗം ജമാഅത്ത് പള്ളിയിൽ നടന്ന പെരുന്നാൾ നമസ്ക്കാരത്തിന് ചീഫ് ഇമാം മുഹമ്മദ് ഖാലിദ് അൽകൗസരിയും സെൻട്രൽ ജുംആ മസ്ജിദിൽ നടന്ന പെരുന്നാൾ നമസ്ക്കാരത്തിന് ചീഫ് ഇമാം ഷഹീറുദ്ദീൻ മന്നാനിയും നേതൃത്വം നൽകി.

വിസ്ഡം ഇസ്ലാമിക് ഓർഗനൈസേഷൻ വിഴിഞ്ഞം യൂണിറ്റിൻറെ ആഭിമുഖ്യത്തിൽ വിഴിഞ്ഞം ആശുപത്രിക്ക് സമീപത്തെ ഈദ് ഗാഹിൽ രാവിലെ 7.15 ന് സംഘടിപ്പിച്ച പെരുന്നാൾ നമസ്കാരത്തിലും നിരവധി വിശ്വാസികൾ പങ്കെടുത്തു.

സലഫി മസ്ജിദ് ചീഫ് ഇമാം സക്കീർ ഹുസൈൻ മൗലവി പെരുന്നാൾ നമസ്കാരത്തിന് നേതൃത്വം നൽകി.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# തരിശുകിടന്ന പുരയിടത്തിൽ തണ്ണിമത്തൻ വിളയിച്ച് കർഷകൻ

വെള്ളറട: കള്ളിക്കാട് പഞ്ചായത്ത് കൃഷിഭവൻറെ നേതൃത്വത്തിൽ പാട്ടേക്കോണം സ്വദേശിയായ രാജുവാണ് പാട്ടേക്കോണം ഏലായിൽ പാട്ടത്തിനെടുത്ത 30 സെൻറ് പുരയിടത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ തണ്ണിമത്തൻ കൃഷിചെയ്ത് മികച്ച വിളവെടുക്കുന്നത്.

ഈസ്റ്റ് വെസ്റ്റ് സീഡ്സ് ഇന്ത്യ വികസിപ്പിച്ച ഹൈബ്രിഡ് മുക്കാസ് എഫ് 1, യെല്ലോ മച്ച് എഫ്1 ഇനങ്ങളാണ് കൃഷിചെയ്തത്. ആദ്യത്തേത് പുറം കടും പച്ചയും ഉള്ളിലെ പൾപ്പ് ചുവപ്പുമാണ്, അടുത്തത് ഇളം പച്ച പുറവും അകം മഞ്ഞയും.65 മുതൽ 82 ദിവസത്തിനുള്ളിൽ പാകമാകും. 2.5 കിലോ മുതൽ അഞ്ചു കിലോഗ്രാം വരെ തൂക്കം ലഭിക്കുന്നു. വിളവെടുപ്പ് ആര്യങ്കോട് കൃഷി അസിസ്റ്റൻഡ് ഡയറക്ടർ ടി.മഹേഷ് നിർവഹിച്ചു. കൃഷി ഓഫീസർ എൻ.ഐ.ഷിൻസി, അസിസ്റ്റൻറുമാരായ ജി.എസ്. ചിഞ്ചു, ശ്രീദേവി, എസ്.സാബു തുടങ്ങിയവർ പങ്കെടുത്തു.

കൃഷി വിജയമായതോടെ കൂടുതൽ പ്രദേശത്ത് തണ്ണിമത്തൻ കൃഷി വ്യാപിപ്പിക്കാനുള്ള ശ്രമത്തിലാണ് കള്ളിക്കാട് പഞ്ചായത്തും, കൃഷി ഭവനും.

# പ്രചാരണ വിഷയമായി കോഴ ആരോപണം

പത്തനംതിട്ട: ദല്ലാൾ നന്ദകുമാർ എൻഡിഎ സ്ഥാനാർഥി അനിൽ ആൻറണിക്കെതിരേ ഉയർത്തിയ 25 ലക്ഷത്തിൻറെ കോഴ ആരോപണവും ഇത് ഏറ്റുപിടിച്ച് കോൺഗ്രസ് നേതാക്കൾ രംഗത്തെത്തിയതും പത്തനംതിട്ടയിലെ തെരഞ്ഞെടുപ്പു പ്രചാരണത്തെ കൊഴുപ്പിക്കുന്നു.

തനിക്കെതിരേ ഉയർന്ന ആരോപണങ്ങളിൽ കോൺഗ്രസ് നേതാക്കളെ ശക്തമായി വിമർശിച്ച അനിലിനെതിരേ സ്വരം കടുപ്പിക്കുകയാണ് യുഡിഎഫ്. തൻറെ സുഹൃത്തിനു സിബിഐ സ്റ്റാൻഡിംഗ് കോൺസൽ നിയമനത്തിന് അനിൽ ആൻറണി 25 ലക്ഷം രൂപ കൈക്കൂലി വാങ്ങിയെന്നാണ് ദല്ലാൾ നന്ദകുമാർ കഴിഞ്ഞ ദിവസം ആരോപിച്ചത്. ആരോപണത്തിനു പിന്നിൽ ആൻറോ ആൻറണിയാണെന്ന് അനിൽ തിരിച്ചടിച്ചിരുന്നു. ആൻറോയും നന്ദകുമാറും ചേർന്ന് ഗൂഢാലോചന നടത്തിയാണ് ആരോപണം ഉന്നയിച്ചിരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞതിനു പിന്നാലെ ശക്തമായ ഭാഷയിൽ ആൻറോയും തിരിച്ചടിച്ചു. വിവരദോഷമാണ് അനിലിൻറേതെന്നായിരുന്നു പ്രതികരണം. ദല്ലാൾ നന്ദകുമാർ പണം തിരികെ വാങ്ങിത്തരണമെന്നാവശ്യവുമായി തന്നെ സമീപിച്ചിരുന്നതായി കോൺഗ്രസ് നേതാവ് പി.ജെ. കുര്യൻ വെളിപ്പെടുത്തൽ നടത്തിയതോടെ വിവാദം വീണ്ടും ചൂടുപിടിച്ചു. ഇതോടെ കുര്യനെതിരേയും അനിൽ തിരിഞ്ഞു.

അനിൽ ആൻറണി രാഷ്ട്രീയ മര്യാദ പാലിക്കണം: പഴകുളം മധു ബിജെപി സ്ഥാനാർഥി അനിൽ ആൻറണി മുൻ മുഖ്യമന്ത്രി എ.കെ. ആൻറണിയെയും യുഡിഎഫ് സ്ഥാനാർഥി ആൻറോ ആൻറണിയെയും യുഡിഎഫ് നേതാക്കളെയും സഭ്യത വിട്ട് അധിക്ഷേപിക്കുന്നത് അവസാനിപ്പിക്കണമെന്നു കെപിസിസി ജനറൽ സെക്രട്ടറി പഴകുളം മധു ആവശ്യപ്പെട്ടു. രാഷ്ട്രീയ മര്യാദ ഇല്ലാതെ വായിൽ തോന്നുന്നത് ആക്ഷേപമായി ഉന്നയിച്ചശേഷം താൻ സ്റ്റാൻഫോർഡ് യൂണിവേഴ്സിറ്റിയിൽ പഠിച്ചിട്ടുണ്ട് എന്നു പറയുന്നതിൽ എന്ത് അർഥമാണുള്ളത്. രാഷ്ട്രീയ പരിചയം തീരെ ഇല്ലാത്ത ബിജെപി സ്ഥാനാർഥിയുടെ ഇത്തരം ജല്പനങ്ങൾ ബിജെപി നേതൃത്വം ഇടപെട്ട് അവസാനിപ്പിക്കുന്നില്ലെങ്കിൽ അതേ ഭാഷയിൽ തിരിച്ചടിക്കേണ്ടി വരുമെന്നു മധു പറഞ്ഞു. അനിൽ ആൻറണിക്കെതിരെ ഉയർന്ന ആരോപണങ്ങൾ സത്യമല്ലെന്ന് തെളിയിക്കാനുള്ള ബാധ്യത അദ്ദേഹത്തിന് മാത്രമാണ്. സംശയത്തിൻറെ നിഴലിൽ നിൽക്കുന്നയാൾ ഒരു സ്ഥാനാർഥി എന്ന നിലയിൽ എതിർ സ്ഥാനാർഥിയെ ആക്ഷേപിക്കുകയല്ല ചെയ്യേണ്ടത്. തൻറെ കൈകൾ ശുദ്ധമാണെന്ന് തെളിയിക്കുകയാണ് വേണ്ടത്. സംശുദ്ധ പ്രവർത്തന പാരമ്പര്യത്തിന് ഉടമയായ സ്വന്തം പിതാവിനെ വികൃതമായ ഉപമകൾ കൊണ്ട് നേരിടുന്ന അനിലിനെ ബിജെപി പ്രവർത്തകർ പോലും അംഗീകരിക്കില്ലെന്നും പഴകുളം മധു അഭിപ്രായപ്പെട്ടു.

# സി.എ. അരുൺകുമാറിൻെറ വിജയത്തിന് വനിതാ സംഗമവും റോഡ് ഷോയും ഇന്ന്

ചങ്ങനാശേരി: മാവേലിക്കര ലോകസഭ മണ്ഡലം എൽഡിഎഫ് സ്ഥാനാർഥി സി.എ. അരുൺകുമാറിൻറെ തെരഞ്ഞെടുപ്പ് പ്രചരണാർഥം എൽഡിഎഫ് ചങ്ങനാശേരി നിയോജകമണ്ഡലം വനിതാ സംഗമവും വനിതകളുടെ റോഡ് ഷോയും ഇന്നു നഗരത്തിൽ നടക്കും.

വൈകുന്നേരം നാലിന് എസ്ബി കോളജിന് സമീപമുള്ള നഗരസഭാ ടൗൺഹാളിൽ നടക്കുന്ന വനിതാ സംഗമം മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് നിർമല ജിമ്മി ഉദ്ഘാടനം ചെയ്യും.

മഹിളാ അസോസിയേഷൻ സംസ്ഥാന കമ്മിറ്റിയംഗം കൃഷ്ണകുമാരി രാജശേഖരൻ, ലീനമ്മ ഉദയകുമാർ തുടങ്ങിയവർ പ്രസംഗിക്കും. തുടർന്ന് നഗരസഭാ ടൗൺ ഹാളിൽനിന്നും ആരംഭിക്കുന്ന വനിതകളുടെ വർണാഭമായ റോഡ് ഷോ നഗരം ചുറ്റി പെരുന്ന ബസ് സ്റ്റാൻഡിൽ സമാപിക്കും.

പെരുന്ന ബസ് സ്റ്റാൻഡിൽ നടക്കുന്ന സമാപന സമ്മേളനം ജനാധിപത്യ മഹിളാ അസോസിയേഷൻ സംസ്ഥാന സെക്രട്ടറി സി.എസ്. സുജാത ഉദ്ഘാടനം ചെയ്യും. സി.കെ. ആശ എംഎൽഎ പ്രസംഗിക്കും.

# കാട്ടുതേനീച്ചയുടെ ആക്രമണം; 18 പേർക്ക് പരിക്ക്

മുണ്ടക്കയം: മരണ സംസ്കാര ചടങ്ങിൽ പങ്കെടുക്കുവാൻ എത്തിയവരെ കാട്ടുതേനീച്ച ആക്രമിച്ചു. പുഞ്ചവയൽ ചതുപ്പ് ഭാഗത്ത് ഇന്നലെ രാവിലെ ഒന്പതോടു കൂടിയാണ് സംഭവം. മാടത്താനിയിൽ മാത്യു ജോസഫിൻറെ സംസ്കാര ചടങ്ങുകളുടെ ഭാഗമായി വീട്ടിൽ പ്രാർഥനകൾ നടക്കുന്നതിനിടയാണ് തേനീച്ചകളുടെ ആക്രമണമുണ്ടായത്.

സമീപത്തെ വനമേഖലയിൽനിന്നു കൂടിളകിവന്ന തേനീച്ചകൾ കൂട്ടംകൂടി നിന്ന ആളുകളെ ആക്രമിക്കുകയായിരുന്നു. സംഭവത്തിൽ 18 പേർക്ക് തേനീച്ചയുടെ കുത്തേറ്റു.

ഇവരെ മുണ്ടക്കയത്തെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ജനവാസ മേഖലയോടു ചേർന്ന് പെരുന്തേനീച്ചകൾ കൂടു കൂട്ടിയപ്പോൾ മുതൽ ഇത് അപകടത്തിനു കാരണമാകുമെന്ന് നാട്ടുകാർ അധികൃതരെ അറിയിച്ചെങ്കിലും യാതൊരു നടപടിയും സ്വീകരിച്ചില്ലെന്ന് നാട്ടുകാർ കുറ്റപ്പെടുത്തുന്നു.

കാക്ക, പരുന്ത് അടക്കമുള്ള പക്ഷികളുടെ ആക്രമണത്തിൽ തേനീച്ചകൂടിളകിയാതാക്കാം പെരുന്തേനീച്ചകൾ മനുഷ്യരെ ആക്രമിക്കാൻ ഇടയാക്കിയതെന്നും നാട്ടുകാർ പറയുന്നു.

# ആലുവ കോടതി സമുച്ചയം: പുതുക്കിയ രൂപരേഖ അംഗീകരിച്ചു

ആലുവ: ആലുവ കോടതി സമുച്ചയം നിർമിക്കാനായി പുതുക്കിയ കോടതി സമുച്ചയത്തിൻറെ രൂപരേഖ ഹൈക്കോടതി ബിൽഡിംഗ് കമ്മിറ്റി അംഗീകരിച്ചു. അഞ്ചു നില കെട്ടിടം നിർമിക്കാനാണ് രൂപരേഖ തയാറാക്കിയത്. പഴയ കെട്ടിടം പൊളിച്ചുനീക്കുള്ള നടപടികൾക്കും തുടക്കം കുറിച്ചു. കോടതിയുടെ പ്രവർത്തനം ജൂലൈ ഒന്നു മുതൽ ഒരു കിലോമീറ്റർ അകലെയുള്ള ബിഎസ്എൻഎൽ കെട്ടിടത്തിലേക്കു മാറ്റും.കോടതിക്ക് പുതിയ കെട്ടിടം നിർമിക്കാനുള്ള നീക്കത്തെ ജയിൽ വകുപ്പ് എതിർത്തിരുന്നു.എതിർവശത്തുള്ള സബ് ജയിലിലേക്ക് നോട്ടം കിട്ടുമെന്ന പ്രശ്നമുയർത്തിയാണ് എതിർത്തത്.തുടർന്ന് കെട്ടിടത്തിലെ ഒരു നില കുറയ്ക്കാനും അല്പം പിന്നിലേക്ക് നീക്കി കെട്ടിടം നിർമിക്കാനും രൂപരേഖയിൽ മാറ്റം വരുത്തി. ഈ രൂപരേഖയ്ക്കാണ് ഹൈക്കോടതി ബിൽഡിംഗ് കമ്മിറ്റി അംഗീകാരം നൽകിയത്. കെട്ടിടം പൊളിക്കുന്നതിന് മുമ്പായി ബിഎസ്എൻഎൽ കെട്ടിടത്തിൽ ഫർണീഷിംഗ് നടത്തും. 82 ദിവസങ്ങൾക്കുള്ളിൽ നിർമാണം പൂർത്തിയാക്കും.പുതിയ കോടതി കെട്ടിടത്തിന് രണ്ട് വർഷം മുമ്പ് 37 കോടി സർക്കാർ അനുവദിച്ചിരുന്നു. നിലവിലെ കോടതി കെട്ടിടവും ക്വാർട്ടേഴ്സും സ്ഥിതി ചെയ്യുന്ന 85 സെൻറ് സ്ഥലത്താണ് പുതിയ കെട്ടിടം നിർമിക്കുന്നത്.ഒരു മുൻസിഫ് കോടതി, രണ്ട് ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതികൾ എന്നിവയാണ് ബിഎസ്എൻഎൽ കെട്ടിടത്തിൽ പ്രവർത്തിക്കുക.

# ആറന്മുളയിലെ രണ്ടാംഘട്ട പര്യടനത്തിനു തുടക്കം കുറിച്ച് തോമസ് ഐസക്

പത്തനംതിട്ട: നാടും നഗരവും ഇളക്കിമറിച്ച് എൽഡിഎഫ് സ്ഥാനാർഥി തോമസ് ഐസക് പത്തനംതിട്ട മണ്ഡലത്തിൽ രണ്ടാംഘട്ട പര്യടനം തുടങ്ങി. പത്തനംതിട്ട നഗരസഭയിലെ കുമ്പഴ മൈലാടുംപാറയിൽനിന്ന് ഇന്നലെ രാവിലെ ആരംഭിച്ച സ്വീകരണപര്യടനം മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്തു.

കുഞ്ഞുമോൻ കെങ്കിരേത്ത് അധ്യക്ഷത വഹിച്ചു. നാരങ്ങാനം, ഇലന്തൂർ, ചെന്നീർക്കര, കുളനട, ഓമല്ലൂർ പഞ്ചായത്തുകളിലെ വിവിധ കേന്ദ്രങ്ങളിൽ സ്വീകരണം ഏറ്റുവാങ്ങി രാത്രി ഊന്നുകല്ലിൽ സമാപിച്ചു. ഓരോ സ്വീകരണ കേന്ദ്രങ്ങളിലും സ്ത്രീകളും കൊച്ചുകുട്ടികളും അടക്കം സ്ഥാനാർഥിയെ സ്വീകരിക്കാനെത്തിയിരുന്നു.പൂക്കളും പൂമാലകളും പുസ്തകങ്ങളും നല്കിയാണ് സ്ഥാനാർഥിയെ വരവേറ്റത്. വിവിധ കേന്ദ്രങ്ങളിൽ എൽഡിഎഫ് നേതാക്കളായ ചിറ്റയം ഗോപകുമാർ, രാജു ഏബ്രഹാം, എ. പത്മകുമാർ, ഓമല്ലൂർ ശങ്കരൻ, കെ.സി. രാജഗോപാലൻ, ആർ. അജയകുമാർ,

എം.വി. സഞ്ജു, പി.കെ. ജേക്കബ്, വർഗീസ് മുളയ്ക്കൽ, നിസാർ നൂർമഹൽ, രാജു കടകരപള്ളി, കെ.ഐ. ജോസഫ്, കുര്യൻ മടയ്ക്കൽ, സുനിതാ കുര്യൻ, എൻ. രാജീവ്, ബെൻസി തോമസ്, കെ. അനിൽകുമാർ, എൻ. സജി കുമാർ തുടങ്ങിയവർ വിവിധ യോഗങ്ങളിൽ പ്രസംഗിച്ചു.

***ഇന്ന് കോന്നിയിൽ***

എൽഡിഎഫ് സ്ഥാനാർഥി തോമസ് ഐസക്കിൻറെ മണ്ഡലപര്യടനം ഇന്നു കോന്നിയിൽ നടക്കും. രാവിലെ 7.30ന് മൈലപ്ര പഞ്ചായത്തിലെ നാൽക്കാലിക്കൽപടിയിൽ സിപിഎം ജില്ലാ സെക്രട്ടറി കെ.പി. ഉദയഭാനു ഉദ്ഘാടനം ചെയ്യും.

മലയാലപ്പുഴ, തണ്ണിത്തോട്, ചിറ്റാർ, സീതത്തോട് പഞ്ചായത്തുകളിലൂടെ രാത്രിയിൽ ആങ്ങമൂഴിയിലാണ് സമാപനം.

# ഇടതുപാർട്ടികളെയും ബിജെപിയെയും ഒരേ മാനദണ്ഡത്തിൽ വിലയിരുത്തരുത്: രാമഭദ്രൻ

പത്തനംതിട്ട: ഇടത് പാർട്ടികളെയും ബിജെപി ഉൾപ്പെടുന്ന സംഘപരിവാറിനെയും ഒരേ മാനദണ്ഡം ഉപയോഗിച്ചു വിലയിരുത്തുന്ന കോൺഗ്രസ് നിലപാട് രാഷ്ട്രീയ അപരാധമാണെന്ന് കേരള ദളിത് ഫെഡറേഷൻ (കെഡിഎഫ്) സംസ്ഥാന പ്രസിഡൻറ് പി. രാമഭദ്രൻ.

കെഡിഎഫ് പത്തനംതിട്ട ജില്ലാ നേതൃസമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.ഇടതുപക്ഷം ബിജെപിക്കെതിരേ നടത്തുന്ന വെല്ലുവിളിയും ചെറുത്തുനിൽപും സർഗാത്മകവും മാതൃകാപരവുമാണ്.

എന്നാൽ, ബിജെപി ആകട്ടെ ഹിന്ദുത്വത്തിൻറെ കാരാഗൃഹമാക്കി ഇന്ത്യയെ മാറ്റാനാണ് ശ്രമിക്കുന്നതെന്നും രാമഭദ്രൻ പറഞ്ഞു.

മഹാത്മാഗാന്ധി സർവകലാശാലയിൽനിന്നു മലയാള സാഹിത്യത്തിൽ പിഎച്ച്ഡി നേടിയ കെഡിഎഫ് സംസ്ഥാന സെക്രട്ടറി ഡോ. വിനീത വിജയന് യോഗത്തിൽ സ്വീകരണം നൽകി.

സംസ്ഥാന പ്രവർത്തകസമിതി അംഗം ഐവർകാല ദിലീപ് അധ്യക്ഷത വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി രാജൻ വെംബ്ലി, ഡോ. വിനീത വിജയൻ, ശൂരനാട് അജി, പാസ്റ്റർ ദാസൻ കെ. പൗലോസ്, ജോർജ് മാത്യു, കെ. രവികുമാർ തുടങ്ങിയവർ പ്രസംഗിച്ചു.

കെഡിഎഫ് ജില്ലാ ഭാരവാഹികളായി എ.കെ. സുനിൽപ്രസിഡൻറ്, എസ്. ജോസ്, ബി. രാജൻ, ജോൺ മാത്യുവൈസ് പ്രസിഡൻറുമാർ, ജോബിൻ തമ്പിസെക്രട്ടറി, സിജോ ശിംശോൺ, ഒ.എൻ. മോഹനൻജോയിൻറ് സെക്രട്ടറിമാർ, വൈ. ജോസ്ട്രഷറർ എന്നിവരടങ്ങുന്ന 21 അംഗ പ്രവർത്തകസമിതിയെയും യോഗം തെരഞ്ഞെടുത്തു.

# സെക്യൂരിറ്റി ഓഫീസറെ കൊലപ്പെടുത്താൻ ശ്രമിച്ച കേസിൽ നാലംഗ സംഘത്തെ പിടികൂടി

വെള്ളറട: കാരക്കോണം സിഎസ്ഐ മെഡിക്കൽ കോളജിലെ സെക്യൂരിറ്റി ഓഫീസർ പ്രസാദ് (60)നെ കോട്ടേഴ്സിൽ കയറി ആക്രമിച്ച് കൊലപ്പെടുത്താൻ ശ്രമിച്ച കേസിലെ നാലംഗ സംഘത്തെ വെള്ളറട പോലീസ് കാരക്കോണം മെഡിക്കൽ കോളജിൽ എത്തിച്ച് തെളിവെടുപ്പ് നടത്തി.

ആനാവൂർ പടപ്പിൻതോട്ടം കിഴക്കൻകര വീട്ടിൽ സജിൻ (25), കീഴാറൂർ കൊല്ലം കാല ശ്യാം നിവാസിൽ ശ്യാംലാൽ (28), കീഴാറൂർ മരുതങ്കോട് മേക്കേക്കര വീട്ടിൽ ലാൽപ്രസാദ് (28), കീഴാറൂർ കുക്കുറുണി റോഡ് അരികത്ത് വീട്ടിൽ രഞ്ജിത്ത് (30) എന്നിവരെയാണ് കാരക്കോണം മെഡിക്കൽ കോളജിൽ എത്തിച്ച് വിശദമായ തെളിവെടുപ്പ് നടത്തിയത്.

അക്രമികൾ സഞ്ചരിച്ച കാർ കാരക്കോണം മെഡിക്കൽ കോളജിലെ ഏത് കവാടം വഴിയാണ് ഉള്ളിൽ പ്രവേശിപ്പിച്ചത് ആക്രമണത്തിന് മുമ്പ് കാർ എവിടെയാണ് പാർക്ക് ചെയ്തത് ആക്രമണത്തിന് ഉപയോഗിച്ച കമ്പിവടി ഇവയെല്ലാം പോലീസ് വിശദമായി തന്നെ തെളിവെടുപ്പിലൂടെ കണ്ടെത്തി.

കഴിഞ്ഞ 11 ന് രാത്രി 8.40 നായിരുന്നു സംഭവം. ആക്രമണത്തിൽ പ്രസാദിൻറെ കൈയ്ക്കും കാലിനും പൊട്ടലുണ്ട്. പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണത്തിൽ ഇരിക്കെ അക്രമികൾ ഒളിവിൽ പോവുകയായിരുന്നു. കേസിലെ രണ്ടാംപ്രതി ശ്യാംലാൽ മാരായമുട്ടം പോലീസ് സ്റ്റേഷൻ പരിധിയിൽ രഞ്ജിത്ത് എന്നയാളെ ടിപ്പർ ഇടിച്ചു കൊലപ്പെടുത്താൻ ശ്രമിച്ച കേസിൽ ശിക്ഷ അനുഭവിച്ച് ജാമ്യത്തിൽ ഇറങ്ങി നിൽക്കുകയാണ്.മൂന്നും നാലും പ്രതികൾ കാട്ടാക്കട പോലീസ് സ്റ്റേഷനിൽ നിരവധി കേസിലെ പ്രതികളാണ്.

# ഇലക്ഷനോടനുബന്ധിച്ച് വ്യാപക പരിശോധന; കിലോക്കണക്കിന് കഞ്ചാവ് പിടിച്ചെടുത്തു

അമ്പലപ്പുഴ: ഒരു കിലോ കഞ്ചാവുമായി യുവാവ് പിടിയിൽ. നീർക്കുന്നം എസ്.എൻ കവലയ്ക്ക് സമീപം കളത്തിൽവീട് സജിത്തി(27)നെയാണ് ജില്ലാ ലഹരി വിരുദ്ധ സ്ക്വാഡും അമ്പലപ്പുഴ പോലീസും ചേർന്ന് കിലോ 130 ഗ്രാം കഞ്ചാവുമായി പിടികുടിയത്. മാസങ്ങളായി ഒഡിഷയിൽ നിന്ന് കഞ്ചാവ് നാട്ടിലെത്തിച്ചു വിൽപ്പന നടത്തിവരികയായിരുന്നു.

കുറെ മാസങ്ങളായി കളരിപഠിക്കാൻ എന്ന വ്യാജേന ഇയാളുടെ വീട്ടിൽ കുട്ടികളും യുവാക്കളും സന്ധ്യാസമയങ്ങളിൽ വന്ന് പോകുന്നതായി പരാതി ലഭിച്ചതിനെത്തുടർന്ന് ജില്ലാ പോലീസ് മേധാവി ചൈത്ര തെരേസ ജോണിൻറെ നിർദേശത്തെത്തുടർന്ന് ഇയാളെ രഹസ്യമായി നിരിക്ഷിച്ച് വരികയായിരുന്നു. ഇതിനു മുൻപ് പല പ്രാവശ്യം ഇയാളെ പിടികൂടിയിരുന്നെങ്കിലും ചെറിയ അളവ് മാത്രമേ കിട്ടിയിരുന്നുള്ളു.

ജില്ലാ ലഹരിവിരുദ്ധ സ്ക്വാഡ് ഡിവൈഎസ്പി.ബി. പങ്കജാക്ഷൻറെ നേതൃത്വത്തിലുള്ള ലഹരി വിരുദ്ധ സ്ക്വാഡും അമ്പലപ്പുഴ ഡിവൈഎസ് പി. അനീഷിൻറെ നേതൃത്വത്തിൽ അമ്പലപ്പുഴ സിഐ പ്രതിഷ് കുമാർ, എസ്. ഹരിദാസ്, ഗ്രേഡ് എഎസ്ഐ പ്രദിപ്, സിപിഒമാരായ സിദ്ധീഖ്, രതീഷ്, ടോണി എന്നിവരാണ് പ്രതിയെ പിടികുടിയത്. അമ്പലപ്പുഴ കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

ആലപ്പുഴ: എറണാകുളം, ആലപ്പുഴ ജില്ലകളിലായി മയക്കുമരുന്നു ഉൾപ്പെടെ 24 കേസുകളിൽ പ്രതിയായ യുവാവിനെ കഞ്ചാ വുമായി അറസ്റ്റ് ചെയ്തു. ആലപ്പുഴ മുനിസിപ്പാലിറ്റി സ്റ്റേഡിയം വാർഡിൽ ഉമ്മാപറമ്പിൽ വീട്ടിൽ സുരേഷ് മകൻ സച്ചിൻ സുരേഷിനെ (26) 1.600 കിലോ ഗ്രാം കഞ്ചാവുമായാണ് പിടികൂടി യത്.

ആലപ്പുഴ കെഎസ്ആർടിസി ബസ് സ്റ്റാൻഡ് പരിസരത്തുനിന്ന് എക്സൈസ് നാർക്കോട്ടിക് സർക്കിൾ ഇൻസ്പെക്ടർ എം. മഹേഷിൻറെ നേതൃത്വത്തിൽ അറസ്റ്റ് ചെയ്ത് ഇയാളെ റിമാൻഡ് ചെയ്തു. ഇലക്ഷനോടനുബന്ധിച്ച് ജില്ലയിൽ മയക്ക്മരുന്നു ഉൾപ്പെടെയുള്ള കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ വ്യാപക പരിശോധനയാണ് എക്സൈസ് വകുപ്പ് നടത്തിവരുന്നത്.

എറണാകുളം കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഇയാൾ മയക്ക്മരുന്ന് വ്യാപാരത്തിനായാണ് ആലപ്പുഴയിൽ വരാറുള്ളത്. ഒറീസയിൽനിന്ന് കഞ്ചാവ് വാങ്ങി ട്രെയിനിൽ എറണാകുളത്ത് ഇറങ്ങി ബസിൽ ആലപ്പുഴയിൽ ഇറങ്ങിയപ്പോഴാണ് സച്ചിനെ പിടികൂടുന്നത്.

സിഐ മഹേഷ്, എഇഐ പ്രസന്നൻ. എൻ, പി.ഒ. ഓംകാർനാഥ്, റെനി, സിഇഒ ദിലീഷ്, രംജിത്ത്, ഡ്രൈവർ പ്രദീപ് എന്നിവർ പങ്കെടുത്തു.

# അയൽപക്ക കലഹം: വയോധികയെ കറിക്കത്തിക്കു വരഞ്ഞു

വൈക്കം: അയൽവാസികൾ തമ്മിലുണ്ടായ കലഹത്തെത്തുടർന്നു വീട്ടിൽ അതിക്രമിച്ചു കയറി ആൾ വയോധികയെ കറിക്കത്തിക്ക് വരഞ്ഞ് ശരീരമാസകലം മുറിപ്പെടുത്തി.

വൈക്കം നഗരസഭ എട്ടാം വാർഡിൽ മഠത്തിൽപ്പറമ്പിൽ ശിരിജ (62)യെയാണ് സമീപവാസിയായ കിഴക്കേമഠത്തിൽ അപ്പു (52) ആക്രമിച്ചത്. ഇന്നലെ ഉച്ചകഴിഞ്ഞ് മൂന്നോടെയായിരുന്നു സംഭവം. തലയ്ക്കും കഴുത്തിനും മുഖത്തും കൈത്തണ്ടയിലുമടക്കം നിരവധി മുറിവുകളേറ്റ ഗിരിജയെ ഉടൻ വാർഡ് കൗൺസിലർ ഏബ്രഹാം പഴയകടവൻറെ നേതൃത്വത്തിൽ വൈക്കം താലൂക്ക് ആശുപത്രിയിലെത്തിച്ച് പ്രഥമശുശ്രൂഷ നൽകിയശേഷം വിദഗ്ധ ചികിത്സയ്ക്കായി കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.മുറിവുകളിൽ ചിലതിൽ തുന്നലിടാനായെങ്കിലും കൈത്തണ്ടയിലെ മുറിവിൽ ഞരമ്പിന് തകരാറു സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചശേഷം ഗിരിജയ്ക്ക് വിദഗ്ധ ചികിത്സ നൽകുമെന്ന് ആശുപത്രി അധികൃതർ പറഞ്ഞു. സംഭവത്തിൽ കേസെടുത്ത പോലീസ് അപ്പുവിനെ ആറാട്ടുകുളങ്ങര ഭാഗത്തുനിന്നും അറസ്റ്റ് ചെയ്തു.

# 26ലെ കേരള ലോട്ടറി റദ്ദാക്കണമെന്ന്

കോട്ടയം: കേരളത്തിൽ തെരഞ്ഞെടുപ്പ് നടക്കുന്ന 26ലെ കേരള ലോട്ടറി റദ്ദാക്കണമെന്ന് ഓൾ കേരള ലോട്ടറി ഏജൻറ് ആൻഡ് സെല്ലേഴ്സ് കോൺഗ്രസ് ഐഎൻടിയുസി നിവേദനത്തിലൂടെ സംസ്ഥാന ലോട്ടറി ഡയറക്ടറോട് ആവശ്യപ്പെട്ടു.

ലോട്ടറി വകുപ്പിൻറെ നിർദേശപ്രകാരം ഇപ്പോൾ 26ലെ നറുക്കെടുപ്പും 27ലെ നറുക്കെടുപ്പും 27ന് നടത്തുവാനാണ് നീക്കം. ലോട്ടറി നിയമത്തിനു വിരുദ്ധമായി ഒരു ദിവസം രണ്ടു നറുക്കെടുപ്പ് നടത്തുന്നതു മൂലം ലോട്ടറി വില്പന തൊഴിലാളികൾക്ക് വലിയ പ്രതിസന്ധിയാണ് ഉണ്ടാകുന്നത്.

മുൻകൂർ പണമടച്ച് വാങ്ങുന്ന ടിക്കറ്റുകൾ രണ്ടു ദിവസത്തെ നറുക്കെടുപ്പ് ഒന്നിച്ച് നടത്തുമ്പോൾ പകുതി ടിക്കറ്റുകളും വിറ്റഴിയാതെ വലിയ കടക്കെണി തൊഴിലാളികൾക്ക് ഉണ്ടാകുമെന്നും നിവേദനത്തിൽ പറയുന്നു. യൂണിയൻ സംസ്ഥാന പ്രസിഡൻറ് ഫിലിപ്പ് ജോസഫ് അധ്യക്ഷത വഹിച്ചു.